No. 177

June 2003

# KERALA PRIVATE COLLEGE TEACHER



## ഏകീകൃത സർവ്വകലാശാല നിയമം വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി രൂക്ഷമാക്കും

THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

No. 177 JUNE 2003

**EDITORIAL BOARD**

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
Dr. T.A.Sudhakarakurup

# inside



No. 177

ഏകീകൃത സർവ്വകലാശാല നിയമം ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി രൂക്ഷമാക്കും
പ്രൊഫ. തോമസ് ജോസഫ്

ധന്യമീ നിനവുകൾ- മാത്രകൾ (കവിത)
പ്രൊഫ. വി.കെ.എൻ.കൈമൾ

Farewell (Poem)
**Prof. M. Devakumar**

മാറാടിന്റെ തേങ്ങൽ
പ്രൊഫ. എം.എസ്.വസന്തകുമാർ

- Editorial • Economic Focus
- Judgements • List of Office bearers
- Academic Committee Proposals for 2003-04
- സംസ്ഥാന സമ്മേളന റിപ്പോർട്ട്
- നിവേദനങ്ങൾ
- ശാസ്ത്രജാലകം • സർവീസ് പംക്തി
- സമരപഥങ്ങൾ
- സർക്കാർ ഉത്തരവുകൾ

visit www.akpcta.org

## എഡിറേറാറിയൽ

# ഉന്നതവിദ്യാഭ്യാസം സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ പങ്കാളിയാവുക.

ഉന്നതവിദ്യാഭ്യാസം തച്ചുതകർക്കാൻ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണ് കേരളസർക്കാർ. ഭരണത്തിൽ വന്ന് രണ്ടുകൊല്ലം തികയുന്നതിനുമുമ്പ് തന്നെ സർവ്വകലാശാലകളുടെ ജനാധിപത്യ സ്വയംഭരണത്തെ നശിപ്പിക്കാനുള്ള എല്ലാ ഒരുക്കുകൂട്ടലുകളും നടത്തിക്കഴിഞ്ഞു. അൺ എയ്ഡഡ് കോളജുകൾ വ്യാപകമാക്കുക മാത്രമല്ല എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ അനുവദിച്ചുകൊണ്ട് ആ മേഖലയെയും പൂർണമായും സ്വകാര്യവൽക്കരിക്കാനും കമ്പോളവൽക്കരിക്കാനുമുള്ള ശ്രമം ശക്തമായി മുന്നോട്ടുകൊണ്ടു പോകുകയാണ്.

സാമൂഹിക നീതിയിലധിഷ്ഠിതമായ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം എന്ന ലക്ഷ്യം ഉപേക്ഷിച്ചുകൊണ്ട് പണക്കാർക്കു മാത്രമായി ഈ മേഖലയെ പരിമിതപ്പെടുത്താനുള്ള തന്ത്രപരമായ നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ചുവട്പിടിച്ചുള്ള പരിഷ്ക്കാരങ്ങൾ ഓരോന്നായി നടപ്പിലാക്കുകയാണ്. അതിന് സഹായകരമായ രീതിയിൽ സർവ്വകലാശാലാനിയമങ്ങളെ ഏകീകൃതമെന്ന പേരിൽ വികൃതമാക്കുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ടുകൊണ്ട് സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ മാത്രമടങ്ങുന്ന ഭരണസമിതികളെ കൊണ്ടുവരാനുള്ള ശ്രമം ടി.എം.ജേക്കബ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ എൺപതുകളിലും ഇ.ടി.മുഹമ്മദ് ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ തൊണ്ണൂറുകളിലും നടത്തിയിട്ടുണ്ട്. പത്തുവർഷങ്ങൾക്കുശേഷം നാലകത്ത്സൂപ്പിയും ജേക്കബിന്റെയും ബഷീറിന്റെയും വഴി തന്നെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ജേക്കബിനും ബഷീറിനും ഉണ്ടായതിനെക്കാൾ പരിതാപകരമായ പതനമായിരിക്കും സൂപ്പിക്കുണ്ടാകുകയെന്ന് അദ്ദേഹം മനസിലാക്കിയില്ലായെന്നു മാത്രം!

കഴിഞ്ഞകൊല്ലം ഏകീകൃത നിയമം കൊണ്ടുവരാൻ ശാഠ്യംപിടിച്ച സർക്കാരിന് ഇക്കൊല്ലം ഒരു 'കരട്' ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് സമാധാനിക്കാം. കരടിൽ പല ഭാഗങ്ങളും യു.ഡി.എഫ്-ലെ തന്നെ പലപ്രമുഖ കക്ഷികളുടെയും കണ്ണിലെ കരടായി എന്നത് മറെറാരുകാര്യം. മന്ത്രിസഭയിൽ പരിഗണനയ്ക്കുവന്ന കരടിൽ പല മാററങ്ങളും വരുത്തിയതായി വാർത്തവന്നു. തൊട്ടടുത്ത ആഴ്ച കൂടിയ മന്ത്രിസഭാ യോഗത്തിൽ വീണ്ടും മാററം വരുത്തിയത്രേ! ഇനിയും മാററം വരുത്തിക്കൊണ്ടിരിക്കുമെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ആവർത്തിക്കുന്നു. ബില്ലിലെ പല വകുപ്പുകൾക്കുമെതിരെ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ വിദ്യാർത്ഥി സംഘടനകൾ പ്രക്ഷോഭരംഗത്ത് വന്നുകഴിഞ്ഞു. കെ.പി.സി.സി അദ്ധ്യക്ഷൻ പോലും ബില്ലിന്റെ കാര്യത്തിൽ പ്രതിഷേധം ഉയർത്തിയിരിക്കുകയാണ്. പിന്നെ, ആർക്കുവേണ്ടിയാണീ വ്യായാമം!

സാമൂഹിക നിയന്ത്രണം പാടെ അവസാനിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ കച്ചവടക്കാർക്ക് അമിതലാഭം കൊയ്യാനുള്ള വേദിയൊരുക്കുകയാണ് സർക്കാർ. അതുകൊണ്ടുതന്നെ സർവ്വകലാശാലാ ഭരണസമിതികളിൽ നിന്നും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഒഴിവാക്കുകയോ പ്രാതിനിധ്യം കുറയ്ക്കുകയോ ചെയ്തിരിക്കുന്നു. സ്വകാര്യകോളജ് മാനേജരന്മാരുടെ പ്രാതിനിധ്യം വർദ്ധിപ്പിച്ചിരിക്കുന്നു. സ്വകാര്യ കോളജുകളിലെ മാനേജിംഗ് കൗൺസിൽ/ഗവേർണിംഗ് ബോഡി എന്നിവയിൽ നിന്നും അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥികളെ പാടെ ഒഴിവാക്കിയിരിക്കുന്നു. ഓരോ സമൂഹവും തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുപ്പിലൂടെ നാമനിർദ്ദേശം ചെയ്യുന്ന പ്രക്രിയ അവസാനിപ്പിച്ചുകൊണ്ട് സംസ്ഥാനം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ തങ്ങളുടെ നിക്ഷിപ്ത താല്പര്യസംരക്ഷണത്തിനായി ഓരോ മണ്ഡലത്തിന്റെയും പ്രതിനിധികളായി നാമനിർദേശം ചെയ്യുന്ന ജനാധിപത്യ വിരുദ്ധരീതിയാണ് സർവ്വകലാശാലാ ഭരണസമിതിയുടെ കാര്യത്തിൽ അവലംബിച്ചിരിക്കുന്നത്. സമൂഹത്തിന്റെ പൊതുസമ്പത്തായ കോളജുകളെ മാനേജ്മെന്റുകളുടെ ഇംഗിതം അനുസരിച്ച് എന്തും ചെയ്യാൻ ഇഷ്ടദാനം നൽകുന്ന സർക്കാർ, സ്വതന്ത്രസ്ഥാപങ്ങളാവേണ്ട സർവ്വകലാശാലകളെ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും സങ്കുചിത കക്ഷിരാഷ്ട്രീയത്തിന്റെയും അടിമകളാക്കുന്ന വകുപ്പുകളാണ് ഏകീകൃത നിയമത്തിൽ കൊള്ളിച്ചിരിക്കുന്നത്.

ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹികനീതിയും ഗുണമേന്മയും അപകടപ്പെടുന്നുവെന്നു മാത്രമല്ല കമ്പോളശക്തികളും ജാതിമതമേധാവികളും ആധിപത്യം പുലർത്തുകയും ചെയ്യും. നാം നേടിയെടുത്ത നേട്ടങ്ങളാകെ അട്ടിമറിക്കുന്ന ജനാധിപത്യവിരുദ്ധമായ ഏകീകൃത നിയമത്തിനെതിരെ ശക്തമായ പോരാട്ടം സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിൽ മുന്നണിപോരാളികളായി കാലഘട്ടത്തിന്റെ ദൗത്യം ഏറെറടുക്കാൻ എല്ലാ കോളജദ്ധ്യാപകരും തയ്യാറാകേണ്ടതാണ്.

# 45-ാം സംസ്ഥാന സമ്മേളനം

## റിപ്പോർട്ട്




സാമ്രാജ്യത്വാധിനിവേശത്തിന്റെ കടന്നുകയററം കൊണ്ട് ജീർണ്ണമായിരിക്കുന്ന വിദ്യാഭ്യാസ സാംസ്കാരിക സാമൂഹ്യരംഗത്ത് പ്രതീക്ഷയുടെയും പ്രത്യാശയുടെയും കാഹളം മുഴക്കിക്കൊണ്ട് കേരളത്തിലെ പ്രൈവററ് കോളജ് അദ്ധ്യാപകരുടെ കരുത്തുററ സംഘടനയായ എ.കെ.പി.സി.ടി.എയുടെ 45-ാം സംസ്ഥാന സമ്മേളനത്തിന് 2003 മാർച്ച് ഏഴാം തീയതി കൊടിയേറി. ചരിത്രത്തിന്റെ ചിരസ്മരണകൾ ഇരമ്പുന്ന കൊല്ലം നഗരത്തിലെ സി.കേശവൻ സ്മാരക ററൗൺഹാളാണ് പ്രസ്തുത സമ്മേളനത്തിന് വേദിയായത്.



ത്യാഗോജ്ജ്വലമായ സമര പോരാട്ടങ്ങളിലൂടെ മുൻഗാമികൾ നേടിത്തന്ന അവകാശങ്ങളെ സംരക്ഷിക്കുമെന്നും, വിദ്യാഭ്യാസ രംഗത്തെ ജീർണ്ണതയ്ക്കെതിരെ സന്ധിയില്ലാത്ത സമരവുമായി അനവരതം മുന്നോട്ട് പോകും എന്നുമുള്ള ദൃഢനിശ്ചയം ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് സമ്മേളനത്തിന് സമാരംഭം കുറിച്ചത്.

8-ാം തീയതി രാവിലെ 10.30ന് നടന്ന ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതസംഘം ചെയർമാൻ സ. പി.രാജേന്ദ്രൻ എം.പി സ്വാഗതം ആശംസിച്ചു. പ്രൊഫ. തോമസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ





സമ്മേളനം സ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

നടന്നുവരുന്ന ഈ കാലഘട്ടത്തിൽ അതിനെതിരെ കൂട്ടായ്മയോടെ പ്രതികരിക്കുവാനുള്ള ഊർജവും കരുത്തും നമുക്ക് ഉണ്ടാവണം. എ.കെ.പി.സി.ടി.എയുടെ ജന്മഭൂമി മാത്രമല്ല സമരഭൂമികൂടിയായ കൊല്ലം പട്ടണം നമ്മെ ഓർമ്മിപ്പിക്കുന്നത് അതാണെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ പ്രൊഫ. തോമസ് ജോസഫ് അഭിപ്രായപ്പെട്ടു.

തുടർന്ന് ഉദ്ഘാടകൻ ശ്രീ. പിണറായി വിജയൻ വർത്തമാന കാലജീർണ്ണതയിലേക്ക് വിരൽചൂണ്ടിക്കൊണ്ട്

സമ്മേളനം സി.പി.എം സംസ്ഥാന സെക്രട്ടറി സ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ എ.കെ.പി.സി.ടി.എ സെക്രട്ടറി എ. ശിവരാമൻ രക്തസാക്ഷി പ്രമേയവും ഇ.വി.ശ്രീധരൻ, പല്ലാവൂർ അപ്പുമാരാർ, ചാലക്കുടി എൻ.എസ്.നാരായണസ്വാമി, ഹല്ക്കിവാല, കല്പനാ ചൗള മുതലായവരുടെ നിര്യാണത്തിൽ വി.സി.ആന്റണി അനുശോചന പ്രമേയവും അവതരിപ്പിച്ചു. ശ്രീമതി വിജയലക്ഷ്മി സാർവ്വദേശീയ വനിതാ സമ്മേളന പ്രമേയവും അവതരിപ്പിച്ചു.

ഉന്നതവിദ്യാഭ്യാസം സാധാരണക്കാർക്ക് അന്യമാക്കാനുള്ള ബോധപൂർവ്വമായ ശ്രമം ലോകമെമ്പാടും നിറഞ്ഞുകവിഞ്ഞ സദസ്സിനെ അഭിസംബോധന ചെയ്തു. സാമ്രാജ്യത്വാധിനിവേശം ലോകജനതയുടെ ജീവനും നിലനല്പിനും ഭീഷണിയായി മാറുന്നതിന്റെ ഒരു വാങ്മയചിത്രം തന്നെ ഉദ്ഘാടകൻ വരച്ചുകാട്ടി. ഒരു രാഷ്ട്രത്തിന്റെ ഭരണാധികാരി ആര് എന്ന് തീരുമാനിക്കുവാൻ അമേരിക്കക്ക് ആര് അവകാശം നൽകി എന്ന് ഇറാഖ് യുദ്ധത്തെ പരാമർശിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു. ലോകരാഷ്ട്രങ്ങളുടെയും യു.എന്നിന്റെയും അഭിപ്രായങ്ങളെ തൃണവൽഗണിച്ചുകൊണ്ട് മറ്റൊരു സ്വതന്ത്ര പരമാധികാര രാഷ്ട്രത്തെ ആക്രമിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ യുദ്ധഭീഷണിക്കെതിരെ ലോകമെമ്പാ



സ.പി.രാജേന്ദ്രൻ എം.പി.



സ.കെ.വരദരാജൻ



സ.റഷീദ് കണിച്ചേരി



പ്രൊഫ. കെ.കെ. വിശ്വനാഥൻ



സ.ആർ.രാമചന്ദ്രൻ



പ്രൊഫ. എ. ആർ. രാജൻ



സ.എൻ.ചന്ദ്രശേഖരപിള്ള



സ.കെ.ആർ.ആർ.നായർ

ടും പ്രതിഷേധം ഉയരുന്നു. ലണ്ടനിൽ നടന്ന യുദ്ധവിരുദ്ധ പ്രകടനത്തിൽ 20 ലക്ഷം ആളുകൾ പങ്കെടുത്തു. വാഷിംഗ് ടണിൽ 5 ലക്ഷം ആളുകൾ യുദ്ധവിരുദ്ധ പ്രകടനത്തിൽ അണിചേർന്നു. റോമിലും ലക്ഷക്കണക്കിനാളുകൾ യുദ്ധവിരുദ്ധ റാലിയിൽ പങ്കു



പൊതുസമ്മേളനം സ.വി.എസ്സ്.ഉദ്ഘാടനം ചെയ്യുന്നു

ചേർന്നു.

ഇറാഖിനെതിരെ അമേരിക്ക നടത്തുന്ന യുദ്ധത്തിന് ന്യായീകരണമില്ല. രാസജൈവായുധ പരിശോധനയിൽ മാരകായുധങ്ങൾ ഒന്നുംതന്നെ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് മുഖ്യ ആയുധപരിശോധകൻ ഹാൻഡ്സ് ബ്ളിക്സ് റിപ്പോർട്ട് ചെയ്തു. എങ്കിൽപ്പോലും ഞങ്ങൾ യുദ്ധം ചെയ്യുമെന്ന് അമേരിക്ക. ഇത് എന്ത് നീതി? എവിടത്തെ ന്യായം?

ഇറാഖിന്റെ എണ്ണസമ്പത്ത് കൈക്കലാക്കുക എന്നതാണ് അമേരിക്കയുടെ മുഖ്യലക്ഷ്യം. അതിനായി നിരപരാധികളായ സാധാരണ മനുഷ്യരെ അരുംകൊലചെയ്യുവാൻ ഈ സാമ്രാജ്യത്വകഴുകന് ഒരു മടിയുമില്ല. യു.എന്നിൽ അമേരിക്ക ചാരപ്പണി നടത്തുന്നു. പാലസ്തീനിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇതിന്റെ മറവിൽ പാലസ്തീനെ ഒതുക്കാൻ ഇസ്രായേൽ കോപ്പുകൂട്ടുന്നു. നാളെയുടെ ഭാസുരമായ അരുണോദയം കണികാണാൻ ആഗ്രഹിക്കുന്ന ചിന്താശേഷി മരവിച്ചിട്ടില്ലാത്ത ഏതൊരാളും ഇതിനെതിരെ ശക്തമായി പ്രതികരിക്കണം.

ഇന്ത്യാഗവൺമെന്റാകട്ടെ അമേരിക്കയെ ശക്തമായി എതിർക്കുന്നില്ല. ഇന്ത്യയുടേത് മധ്യമാർഗമെന്ന് വാജ്പേയി പറയുന്നു. ഏതൊരു ഇന്ത്യാക്കാരന്റെയും ശക്തമായ വികാരം ഇതിനെതിരെ ഉയർന്നുവരണം. അതാണ് ഇതിന്റെ ആവശ്യം.

മനുഷ്യമനസ്സാക്ഷിയെ വിറങ്ങലിപ്പിച്ച ഭീതിദമായ അരുംകൊലയ്ക്കാണ് അഹിംസയുടെ വക്താവായ രാഷ്ട്രപിതാവിന്റെ ജന്മനാട് തെരഞ്ഞെടുപ്പിന് മുമ്പ് വേദിയായതെങ്കിൽ, തെരഞ്ഞെടുപ്പിന് ശേഷവും അത് അഭംഗുരം തുടരുന്നു. പശുവിനെ കൊല്ലാൻ പാടില്ലെന്ന് ബി.ജെ.പി. വർഗീയത വളർത്തുന്നതിന് വേണ്ടതെല്ലാം അവർ ചെയ്യുന്നു. കോൺഗ്രസുകാരാകട്ടെ അതിന് ഓശാനപാടുന്നു. മുസ്ലീം ആരാധനാലയങ്ങൾ കൈയടക്കാൻ സംഘപരിവാർ തുനിയുമ്പോൾ അതിന് സഹായകരമായ നിലപാട് ദിഗ്വിജയസിംഗ് ചെയ്യുന്നു.

നമ്മുടെ രാജ്യം അതീവഗുരുതരമായ ദശാസന്ധിയിലൂടെ കടന്നുപോകുന്നു. അതിനെതിരെ ശബ്ദമുയർത്തേണ്ടത് പുരോഗമന ചിന്താഗതി ഉള്ളവരാണ്. വിദ്യാഭ്യാസരംഗം വർഗീയവൽക്കരിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത ആർ.എസ്.എസുകാരനെ എൻ.സി.ഇ.ആർ.ററിയിടെ തലപ്പത്ത് പ്രതിഷ്ഠിക്കുന്നു. കുട്ടികൾക്ക് പഠിക്കുവാനുള്ള സൗകര്യം ഇല്ലാതാക്കുന്നു. മനുഷ്യർ ഇന്നോളം ആർജിച്ച പുരോഗതിയെ പുറകോട്ടടിക്കുന്നു. വലിയ മുടക്കില്ലാതെ ലാഭകരമായി നടത്താൻ കഴിയുന്ന മേഖലയായി മാറി ഇന്ന് വിദ്യാഭ്യാസം. കോഴയ്ക്ക് എതിരെ കൂട്ടായ പോരാട്ടം അനിവാര്യമാണ്. ഇതിന്റെ ജീർണ്ണതയ്ക്കെതിരെ നാം പ്രതികരിക്കണം.

നിരക്ഷരരും നിരപരാധികളുമായ ആദിവാസികളെ ഈ കൊച്ചുകേരളത്തിൽ വെടിവച്ചുകൊല്ലുന്നു. എത്രപേർ മരിച്ചെന്ന് ആർക്കും വ്യക്തമല്ല. മു



സ.പന്ന്യൻ രവീന്ദ്രൻ

ഖ്യന്റെ പിടിവാശിയിൽ വിറങ്ങലിച്ച് നിൽക്കുന്ന കോൺഗ്രസും യു.ഡി.എഫും ചുരുക്കത്തിൽ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന സാമ്രാജ്യത്വ അധിനിവേശത്തിനെതിരെയുള്ള ചാലകശക്തിയായി പുരോഗമന പ്രസ്ഥാനങ്ങളും പുരോഗമന ചിന്താഗതിക്കാരും മാറണം. കാലം അതാണ് ആവശ്യപ്പെടുന്നത്. ഇനി അലംഭാവം അരുത്.

തുടർന്ന് എൻ.ജി.ഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. വരദരാജൻ ആശംസകളർപ്പിച്ച് സംസാരിച്ചു. പൊതുധാരയിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസരംഗം, ജീർണ്ണത



ബാധിച്ച ആരോഗ്യരംഗം, താളംതെററിയ പൊതുവിതരണ സമ്പ്രദായം, ജാതിചിന്തയിലും, അന്ധവിശ്വാസത്തിലും അനാചാരത്തിലും അടുത്തുകൊണ്ടിരിക്കുന്ന കേരളീയ സമൂഹം - ഇവയെല്ലാം വസ്തുനിഷ്ഠമായി വിശകലനം ചെയ്ത് അതിനെതിരെ ജാഗ്രത പുലർത്തുവാൻ ആഹ്വാനം ചെയ്തു.

ഫൊസ്ററോ സംസ്ഥാന പ്രസിഡന്റ് സ. റഷീദ് കണിച്ചേരിയുടെ നർമ്മത്തിൽപൊതിഞ്ഞ ഭാഷണം സദസിന്റെ സജീവശ്രദ്ധ ആകർഷിച്ചു.

ശമ്പളത്തിൽ, തൊഴിലിൽ എന്നുവേണ്ടാ ജീവിതത്തിൽ ആകെത്തന്നെ അപമാനകരമായ ഒരവസ്ഥയിൽ നാം എത്തിനിൽക്കുന്നു എന്നദ്ദേഹം അഭിപ്രായപ്പെട്ടു. സ്ക്കൂളു പൂട്ടുന്നതുപോലെ സമീപഭാവിയിൽ കോളജും പൂട്ടും. കോളജ് ഇപ്പോൾ ഗസ്റ്റ്മയം. ഡെയ്ലി വേജസുകാർ ജനുവരി 16ന് ശേഷം കേറിയവർ, ഡി.എ ഇല്ലാത്തവർ, ഈ ദുരവസ്ഥയ്ക്ക് എതി



സ.പി. കെ.ഗുരുദാസൻ



പ്രൊഫ.സി.ആർ. സദാശിവൻ



പ്രൊഫ. ആർ. ചന്ദ്ര

രെ പ്രതികരിക്കേണ്ടവർ നമ്മളാണ്. തുടർന്ന് എൻ.ചന്ദ്രശേഖരപിള്ള (NFPTE), Dr.K.K.വിശ്വനാഥൻ (AKGCT), Prof.A.R. രാജൻ (FUTA), സ.കെ.ആർ.ആർ.നായർ(KGOA), സ.ആർ.രാമചന്ദ്രൻ (UEC) എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

വിദ്യാഭ്യാസ ട്രേഡ് യൂണിയൻ സമ്മേളനം സി.ഐ.റ്റി.യു ജനറൽ സെക്രട്ടറി സ. പി.കെ.ഗുരുദാസൻ ഉദ്ഘാടനം ചെയ്തു. ഐഫക്ടോ നാഷണൽ സെക്രട്ടറി പ്രൊഫ. സി.ആർ.സദാശിവൻ, ആർ.ആർ.സി. എൻഡോവ്മെന്റ് പ്രഭാഷണം നടത്തി. തമിഴ്നാട് Aided College Teachers Association Vice President പ്രൊഫ. ആർ.ചന്ദ്ര "സ്ത്രീശാക്തീകരണം സംഘടനാപ്രവർത്തനത്തിലൂടെ" എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടത്തി.

"ക്വാളിററിലേബലും ഉന്നതവിദ്യാഭ്യാസ പുനഃസംഘടനയും" എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് കേരളാ യൂണിവേഴ്സിററി സിൻഡിക്കേററ് മെമ്പർ പ്രൊഫ. മോഹനകുമാർ സംസാരിച്ചു.

പൊതുസമ്മേളനത്തിന് മുമ്പ് നടന്ന പ്രകടനത്തിൽ നൂറുകണക്കിന് അദ്ധ്യാപകർ പങ്കെടുത്തു. പൊതുസമ്മേളനം സ.വി.എസ്സ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് സ.പന്ന്യൻ രവീന്ദ്രൻ, പ്രൊഫ.എൻ.എം. ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

9.3.2003 രാവിലെ നടന്ന യാത്രയയപ്പ് സമ്മേളനം സ.സി.പി.നാരായണൻ ഉദ്ഘാടനം ചെയ്തു. വിരമിക്കുന്ന അദ്ധ്യാപകർക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് എ. കെ. പി. സിടി. എ മുൻകാല നേതാക്കൾ സംസാരിച്ചു.

# AKPCTA
# List of Office Bearers 2003-2004

## PRESIDENT

**Prof. Thomas Joseph**
KE College, Mannanam
Phone: 95481-2598498

## VICE PRESIDENTS

**Prof.P.Reghunath**
MSM College, Kayamkulam
Phone: 95479-2348284

**Prof. M.P.Vijayalekshmi**
St.Xavier's College, Aluva
Phone: 95484-424253

## GENERALSECRETARY

**Prof. A.Prathapachandran Nair**
M.G.College,
Thiruvananthapuram
Phone: 95471-2272143

## TREASURER

**Prof. K.Sasidharan**
S.N.G.College, Chelannur
Phone: 0495-2472822

## SECRETARIES

**Kannur University**
**Prof. A.P.Kuttikrishnan**
Sir Syed College,
Thaliparamba, Kannur
Phone: 0490-2477039

**Calicut University**
**Prof. A.Sivaraman**
N.S.S.College, Ottapalam
Phone: 04926-246510

**MG University**
**Prof. V.C.Antony**
St.Pauls College, Kalamassery
Phone: 95484-2577213

**Kerala University**
**Prof. K.Vijayadharan**
S.N.College, Kollam
Phone: 95474-2562258

## DISTRICT OFFICE BEARERS

KANNUR-KASARGOD

President
**Prof. E.Damodaran**
Payyannur College, Kannur

Secretary
**Prof. M.P.Balaram**
N.S.S.College, Mattannur

KOZHIKODE

President
**Prof. T.Syed**
Farook College, Kozhikode

Secretary
**U.Hemanth Kumar**
S.N.G.College, Chellannur

WAYANAD

President
**Prof. Mathew.K.M**
Pazhassiraja College,
Pulpally

Secretary
**Prof. C.V.Thomas**
St.Mary's College,
Sulthanbathery

MALAPPURAM

President
**Prof. Alavikutty**
P.S.M.O.College,
Thirurangadi

Secretary
**Dr. K.K.Balachandran Nair**
NSS College, Manjeri

PALAKKAD
President
**Prof. K.Vasudevan Pillai**
NSS College, Nenmara

Secretary
**Prof. M.Safarudeen**
MES College, Mannarghat

THRISSUR
President
**Prof. P.S.Feroz**
S.N.College, Nattika

Secretary
**Prof. P.Gopinathan**
Sreekrishna College,
Guruvayoor

ERNAKULAM
President
**Prof. Suresh Babu.P.K.**
SSV College, Perumpavoor

Secretary
**Prof.D.Salim Kumar**
SNM College, Malliamkara

KOTTAYAM-IDUKKI
President
**Dr. K.P.Sukumaran Nair**
SD College, Kanjirapally

Secretary
**James Philip**
Devamatha College,
Kuruvilangadi

ALAPPUZHA
President
**Prof. K.Khan**
MSM College
Kayamkulam

Secretary
**S.Venu**
SD College, Alappuzha

PATHANAMTHITTA
**Prof. A.V.Thomas**
Catholicate College,
Pathanamthitta

Secretary
**Prof. P.G.Sukumaran Nair**
NSS College, Pandalam

KOLLAM
President
**Prof. Sirajudeenkutty**
TKM College of Engineering,
Kollam

Secretary
**Prof. G.Yohannankutty**
St. John's College, Anchal

THIRUVANANTHAPURAM
President
**Prof. M.Shahul Hameed**
Iqbal College, Peringammala

Secretary
**Prof. S.Satheeschandran**
S.N.College, Varkala

## STATE COMMITTEE MEMBERS

**Dr.Jayaraj Kumar.S**
S.N.College, Varkala
**G.Sathyanesan**
T.K.M.M.College,
Nangiarkulangara
**K.V.Bodhanandan**
D.B.College, Sasthamkotta
**K.A.George**
Christian College,
Chengannoor
**P.Rajasekharan Pillai**
D.B.College, Perumala
**P.P.ChandrasekharaPillai**
D.B.College,
Thalayolaparambu
**M.J.Mathew**
MES College,
Nedumkandom
**Sunny Mathew**
St.Mary's College, Bathery
**Vasudevan.A.K**
NSS College of Engg.
Palakkad
**Dr. V.K.Vijayan**
Sree Kerala Varma
College, Thrissur
**P.K.Raveendran**
Sir Syed College,
Thaliparambu
**V.Kuttiyan**
N.A.S.College, Kanhagad
**Nagendra Kumar**
T.K.M.Arts and Science
College, Kollam
**N.Ramachandran**
St.Alberts College,
Ernakulam
**K.Radhakrishnan Nair**
NSS Hindu College,
Changanassery
**D.K.Babu**
Guruvayoorappan
College, Kozhikode
**T.P.Habeed Rahman**
MES College, Ponnani

## WORKING COMMITTEE NOMINATIONS

**Prof. P.Mammad**
PSMO College, Thirurangadi

**Prof. K.Mathew**
Basalius College, Kottayam

**Dr. R.B.Rajalekshmi**
MG College,
Thiruvananthapuram

## WORKING COMMITTEE PERMANENT INVITEES

**Prof. R.Mohana Kumar**
Syndicate Member,
University of Kerala

**Prof. T.K.Thomas**
Syndicate Member,
Calicut University

## WORKING COMMITTEE SPECIAL INVITEES

**Prof. T.N.Manoharan**
Convenor, Service Cell

Dr. Rajan Varghese
Convenor, Academic Committee

Dr. S.Jayaraj Kumar
Chief Editor,
Kerala Private College Teacher

## ACADEMIC COMMITTEE

Convenor
**Dr. Rajan Varghese**
U.C.College, Aluva

Members
**Dr. Basheer Ahamed**
PSMO College, Thirurangadi

**Prof. M.Nazim**
MES College, Mannarghat

**Dr. Mohankumar.P.S**
S.S.College, Kalady

**Prof. K.V.George**
CMS College, Kottayam

**Prof. George.F.Decruz**
FMN College, Kollam

**Prof. C.Padmanabhan**
PRNSS College, Mattannur

**Dr. M.K.Ramakrishnan**
Guruvayoorappan College, Kozhikode

**Prof. C.Raveendranath**
St.Thomas College, Thrissur

**Prof. R.Indulal**
SD College, Alappuzha

**Dr.M.R.Sudarsanakumar**
M.G.College, Thiruvnanthapuram

**Dr. Nainan Sajith Philip**
St. Thomas College, Kozhencherry.

## KERALA PRIVATE COLLEGE TEACHER

*Chief Editor*
**Dr. S.Jayarajkumar**
S.N.College, Varkala

*Managing Editor*
**Prof. V.Jayakumar**
NSS Womens College, Thiruvananthapuram

*Assistant Editor*
**Dr. G.S.Suresh**
VTMNSS College, Dhanuvachapuram

*Members*
**Prof. T.N.Manoharan**
S.N.College, Chempazhanthy

**Dr. R.B.Rajalekshmi**
MG College, Thiruvananhtapuram

**Prof. M.Shahul Hameed**
Iqbal College, Peringammala

**Prof. M.S.Vasanthakumar**
S.N.College, Kollam

**Prof. J.Raju**
SN College, Chempazhanthy

**Dr. C.R.Prasad**
MG College, Thiruvananthapuram

**Prof. Mathew.J.Muttath**
K.E.College, Mannanam

**Prof. K.S.Pavithran**
S.N.College, Alathur

**Dr. N.Rajan**
NSS College, Manjeri

**Prof. Soman Nadar**
Mar Ivanios College, Thiruvananthapuram

**Prof. T.A.Sudhakarakurup**
NSS College, Pandalam

## LIAISON OFFICERS SECRETARIATE

**Dr. Madhukar Mallayya**
Mar Ivanios College, Thiruvananthapuram

**Prof. P.Sivadasan**
S.N.College, Chempazhanthy

**K.C.Biju**
SN College, Chempazhanthy

## DIRECTORATE OF COLLEGIATE EDUCATION

**Prof. Johny.K.John**
Mar Ivanios College, Thiruvananthapuram

**R.Mohanakrishnan**
MG College, Thiruvananthapuram

**Prof. P.A.Rameshkumar**
MG College, Thiruvananthapuram

## DY. DIRECTORATE OF COLLEGIATE EDUCATION OFFICE

KOLLAM
**Prof. Sirajudeenkutty**
TKM Engg College, Kollam

**Prof. Hasimudeen.M**
TKM Arts & Science College, Kollam

KOTTAYAM
**K.Radhakrishnan Nair**
NSS Hindu College, Changanassery

Joy Marcose
Basalious College,
Kottayam

ERNAKULAM
**Prof. George Joseph**
S.H.College, Thevara

**Prof. Shaji Joseph**
St. Alberts College,
Ernakulam

**Prof. R.Sreekumar**
NSS College, Cherthala

THRISSUR
**Prof. C.Muralidharan**
NSS College, Ottapalam

**Dr. V.K.Vijayan**
SKV College, Thrissur

**Prof. P.Gopinathan**
Sreekrishna College,
Guruvayoor

KOZHIKODE
**Prof. N.E.Rajeev**
Malabar Christian College,
Kozhikode

**Dr. D.K.Babu**
Zamorins Guruvayoorappan
College,
Kozhikode

**Dr. N.M.Sunny**
Malabar X'an College,
Kozhikode

## UNIVERSITIES

KERALA
**Dr. G.Raveendran**
S.N.College, Varkala

**Dr. S.Sreekumar**
MG College,
Thiruvananthapuram

M.G.
**Prof.V.James**
S.B.College, Changanassery

**Prof. George Sebastian**
K.E.College, Mannanam

**Prof. K.Mathew**
Basalious College,
Kottayam

CALICUT
**Prof. A.Sivaraman**
NSS College, Ottapalam

**Prof. K.Sasidharan**
SNG College, Chelannur

**Prof. E.K.Satheesan**
NSS College, Manjeri

**Prof. P.Mammed**
PSMO College, Thirurangadi

KANNUR
**Prof. A.P.Kuttikrishnan**
Sir Syed College,
Thaliparamba

**Prof. Krishnan Vannarath**
SES College, Sreekantapuram

**P.V.Raveendran**
Sir Syed College,
Thaliparamba

## WELFARE TRUST

State Office Bearers &
**Prof. Yohannankutty**
St.Johns College, Anchal

## BUILDING COMMITTEE

**Prof. Thomas Joseph**

**Prof. A.Prathachandran Nair**

**Prof. K.Sasidharan**

**Dr. G.Raveendran**
(Convenor)

**Prof. K.L.Vievekanandan**

**Prof. R.Mohanakumar**

**Prof. S.Satheeschandran**

**Prof. T.N.Manoharan**

**Dr. G.S.Suresh**

**Prof. Vijayakumar**

## LEGAL CELL

Convenor
**Prof. V.C.Antony**
St.Pauls College,
Kalamassery

Members
**T.S.Sajan**
SN College, Thevara

**Prof. N.Ramachandran**
St. Alberts College,
Ernakulam

## SERVICE CELL

Convenor
**Prof. T.N.Manoharan**
S.N.College, Chempazhanthy

Members
**Prof. P.K.Radhakrishna Panicker**
DB College,
Parumala

**Prof. P.S.Feroz**
S.N.College, Nattika

**Prof. K.Sathyanesan**
TKMM College,
Nangiarkulangara

**Prof. K.S.Jayachandran**
SKV College, Thrissur

**Dr. K.K.Balachandran Nair**
NSS College,
Manjeri.

# AKPCTA ACADEMIC COMMITTEE

## Proposals for 2003-2004

### 1. Revitalizing the College and District level Academic Committee activities

There is an urgent need to revitalize the College and District level Academic Committees. The College level Academic Committee should be formed. The district level committee organize atleast one programme at the district level. The District Academic committee convenor should keep contact with the college level units and help them to organize seminars/workshops/discussion on current issues connected with higher education. A programme of action should be formulated in this connection.

### 2. Impacts of GATS on Higher Education

General Agreement on Trade in Services (GATS) will come into operation by 2005. This will definitely rewrite the contours of higher education in the country. They include the threat to the affiliating university system, the offshore programmes of universities, the role of Accreditation an Assessment agencies (NAAC and ISO certification) - Handbook/ Special issue of K.P.C.T suggested.

### 3. Follow up of curriculum restructuring

We have published the UG Curriculum and syllabi for 17 subjects. This was the result of Curriculum Workshops held in different university areas, attended by teachers and experts. The documents so published are lying idle. It has to be critically evaluated. This will help us to improve the syllabi at the UG level, when the semester pattern is implemented by the universities. This work can be undertaken by the college level academic committees. (one college - one subject - one workshop). District academic committees can plan and co-ordinate subjectwise workshops.

### 4. Response to SC Verdict on MEI Case

The SC Verdict on MEI Case was discussed at the most opportune time in Kerala, thanks to the AKPCTA initiative. The deliberations in this regard have to be brought out in the form of a special issue of our journal. The tough stand taken by the Kerala University (50-50), the Karnataka Govt. (giving only 25% seats to managements) and the Anna University VC threatening to disaffiliate self financing colleges need to be studied while discussing the alternatives vis-a-vis the position of the Kerala Government.

### 5. Completing the study on evaluation of UG courses of MG University

The restructed courses of the first degree level were introduced in 1998-1999. The first batch of students under the new stream came out in 2001. The Association undertood an evaluation of these courses. The study has to be finalized and published at the earliest.

### 6. Completing the study on teacher evaluation by students

With spread of the influence of central agencies of funding and accreditation, teacher evaluation by students gained currency. All types of criteria and formats are issue. The Association has tried to design a scientific format of teacher evaluation by students. This study has to be completed.

### 7. AKPCTA Center for Research and Consultancy in Higher Education

With nearly five decades of experience in study and struggles in higher education, we have every right and resources at our command to influence higher education sector in the state. We are planning to expand our State Committee Office and to modernize the library facilities. Can this initiative be used for setting up a Center for Research and Consultancy in Higher Education by the Association.

These proposals are placed for discussion. The valuable suggestions and co-operation of all teachers are solicited.

**Prof.P.Reghunath**
Chairman
Academic Committee

**Dr. Rajan Varughese**
Convener
Academic Committee

# ഏകീകൃത സർവ്വകലാശാലാ നിയമം ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി രൂക്ഷമാക്കും

തോമസ് ജോസഫ്
പ്രസിഡൻറ്, എ.കെ.പി.സി.ടി.എ

## സങ്കുചിത രാഷ്ട്രീയലക്ഷ്യം

1993-ൽ അന്നത്തെ യു.ഡി.എഫ് ഗവൺമെന്റ് കേരള, കോഴിക്കോട്, മഹാത്മാഗാന്ധി യൂണിവേഴ്സിററികൾക്ക് ബാധകമാകത്തക്കവിധത്തിൽ ഒരു പൊതുനിയമം നടപ്പാക്കുന്നതിനു വേണ്ടിയുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ ബില്ലിനെതിരെയുണ്ടായ വ്യാപകമായ പൊതുജനാഭിപ്രായം മാനിച്ച് ഇത്തരം ഒരു നിയമനിർമ്മാണത്തിനുള്ള നീക്കം ഇടയ്ക്കുവച്ച് ഉപേക്ഷിക്കുകയായിരുന്നു. ഇപ്പോൾ കണ്ണൂർ സർവ്വകലാശാലയെക്കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തികൊണ്ട് വീണ്ടും ഒരു ഏകീകൃത നിയമനിർമ്മാണത്തിന് സർക്കാർ മുതിരുകയാണ്.

1993-ലെ യു.ഡി.എഫ് സർക്കാരിന്റെയും 2003-ലെ യു.ഡി.എഫ് സർക്കാരിന്റെയും സമീപനങ്ങൾക്കു തമ്മിൽ അടിസ്ഥാനപരമായ അന്തരമുണ്ട്. 93-ൽ നിയമനിർമ്മാണ പ്രക്രിയ സുതാര്യമായിരിക്കണമെന്ന് സർക്കാരിന് നിർബന്ധമുണ്ടായിരുന്നു. നിയമസഭയിൽ ബില്ലിന്റെ കരടുരൂപം അവതരിപ്പിച്ചപ്പോൾ വിശദമായ പഠനത്തിനുവേണ്ടി ബിൽ സെലക്ട് കമ്മററിക്കു വിടണമെന്ന പ്രതിപക്ഷ ആവശ്യം സൗമനസ്യത്തോടെ അംഗീകരിക്കാൻ സർക്കാർ തയ്യാറായിരുന്നു. ബില്ലിലെ ജനാധിപത്യ വിരുദ്ധ വകുപ്പുകളെക്കുറിച്ചും വിദ്യാഭ്യാസ മന്ത്രിക്കു ബില്ലിൽ വ്യവസ്ഥചെയ്തിരുന്ന അമിതാധികാരത്തെക്കുറിച്ചുമൊക്കെ ഉയർന്നുവന്ന ആക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ, പൊതുജനാഭിപ്രായം മാനിച്ചുകൊണ്ട്, ബിൽ പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകുകയായിരുന്നു. ഇതിൽനിന്നും വ്യത്യസ്ഥമാണ് ഇപ്പോഴത്തെ സർക്കാർ നിലപാട്. നിയമസഭയിലൂടെ നിയമനിർമ്മാണം നടത്തുന്നതിനുപകരം ഓർഡിനൻസിലൂടെ നിയമം നടപ്പാക്കുമെന്ന് വിദ്യാഭ്യാസമന്ത്രി തന്നെ പലവട്ടം പ്രസ്താവിക്കുകയുണ്ടായി. അതിനുള്ള ഒരു നീക്കം മന്ത്രിസഭയിൽ നടത്തുകയും ചെയ്തു. ഇത്തരം ഒരു നടപടി ഉണ്ടാക്കിയേക്കാവുന്ന പ്രക്ഷോഭങ്ങൾ ഭയന്നുമാത്രമാണ് നിയമസഭയെ അഭിമുഖീകരിക്കാമെന്ന് ഇപ്പോൾ തീരുമാനിച്ചതെന്നറിയുന്നു. ജനാധിപത്യ മാനദണ്ഡങ്ങൾ

## വിദ്യാഭ്യാസമന്ത്രി പരമാധികാരി

നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ നിയമത്തിൽ, വിദ്യാഭ്യാസ മന്ത്രിക്ക് ഏതു യൂണിവേഴ്സിററിയിലേയും ഏതു രേഖയും നേരിട്ട് വിളിച്ചുവരുത്തി പരിശോധിക്കാൻ അധികാരം നൽകുന്നു. വിദ്യാഭ്യാസ മന്ത്രി നൽകുന്ന ഭരണപരവും അക്കാദമികവുമായ നിർദ്ദേശങ്ങൾ വൈസ്ചാൻസിലർ മുതൽ ഏററവും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥൻ വരെ പാലിക്കാൻ ബാധ്യസ്ഥനാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

ഇതൊക്കെയായാലും യൂണിവേഴ്സിററികളുടെ സ്വയംഭരണാവകാശത്തിൽ കൈകടത്താൻ ഉദ്ദേശിച്ചുള്ളതല്ല ഏകീകൃത സർവ്വകലാശാലാ നിയമമെന്ന് വകുപ്പുമന്ത്രി!

ക്കനുസരിച്ച് വ്യാപകമായ ചർച്ചക്കോ അഭിപ്രായസമന്വയത്തിനോ സർക്കാർ തയ്യാറല്ല എന്ന വസ്തുതയാണ് ഇതിൽ നിന്നെല്ലാം വെളിച്ചത്തു വന്നിരിക്കുന്നത്. നിയമസഭയിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് ഏകപക്ഷീയമായി വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ അടിച്ചേല്പിക്കാൻ തന്നെയാണ് നീക്കം.

എന്ത് അടിയന്തിര സാഹചര്യമാണ് ഇത്തരമൊരു ഏകപക്ഷീയ നീക്കത്തിന് സർക്കാരിനെ പ്രേരിപ്പിക്കുന്നത്? 93-ൽ ഏകീകൃതനിയമത്തിലൂടെ വളരെ പരിമിതമായ രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാൻ മാത്രമാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നത്. യൂണിവേഴ്സിററി സമിതികളിൽ സ്വന്തം പാർശ്വവർത്തികളെ നോമിനേററുചെയ്യുക, വിദ്യാഭ്യാസമന്ത്രിക്ക് നേരിട്ട് യൂണിവേഴ്സിററികളുടെ ദൈനംദിന ഭരണകാര്യങ്ങളിൽ ഇടപെടുന്നതിന് അധികാരം ആർജിക്കുക എന്നിവ ആയിരുന്നു പ്രധാനലക്ഷ്യങ്ങൾ. 93-ൽ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ ഇപ്പോഴത്തെ സർക്കാർ അധികാരം ഏറെടുത്ത് അധികം താമസിയാതെ തന്നെ നേടിയെടുക്കാൻ കഴിഞ്ഞിരുന്നു. സർവ്വകലാശാലകളുടെ ഭരണസമിതിയിലേക്ക് വ്യാപകമായി ഐ.ടി/ബി.ടി 'വിദഗ്ധന്മാരെ' നോമിനേററു ചെയ്തുകൊണ്ട് ഭരണം പിടിച്ചെടുക്കുകയാണ് സർക്കാർ ചെയ്തത്. പുതിയ നിയമനിർമ്മാണത്തിനു പിന്നിൽ ഇതിനേക്കാൾ എത്രയോ വിപുലമായ രാഷ്ട്രീയ ലക്ഷ്യമാണുള്ളത്! സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവും സാമ്പത്തികവുമായ സ്വയംഭരണം അട്ടിമറിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്തെ പൂർണ്ണമായി ജാതി-മത-വർഗീയശക്തികൾക്ക് അടിയറവച്ചുകൊണ്ട് രാഷ്ട്രീയ പിൻബലം വർദ്ധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. രാജ്യസഭാ തിരഞ്ഞെടുപ്പിനെത്തുടർ

## പാർശ്വവർത്തികൾക്ക് അവസരങ്ങളേറെ

ഏകീകൃത സർവ്വകലാശാലാ നിയമത്തിൽ നിലവിലുള്ള വൈസ്ചാൻസിലർമാരെയും പ്രൊ വൈസ്ചാൻസിലർമാരെയും ഭരണ-അക്കാദമിക് സമിതികളെയും പിരിച്ചുവിടാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ 4 യൂണിവേഴ്സിററികളിലായി നേരിട്ടും അല്ലാതെയും സർക്കാരിന് നിയമനം നടത്താൻ 2500 ഓളം വേക്കൻസികളാണ് നിലവിൽ വരിക. വിശദാംശങ്ങൾ ചുവടെ.

| | |
|---|---|
| വൈസ്ചാൻസിലർമാർ | 4 |
| പ്രൊ വൈസ്ചാൻസിലർമാർ | 4 |
| എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ | 44 |
| അക്കാദമിക് കൗൺസിൽ അംഗങ്ങൾ | 80 |
| ജനറൽ കൗൺസിൽ അംഗങ്ങൾ | 120 |
| ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ | 2000 |
| റിസർച്ച് കൗൺസിൽ അംഗങ്ങൾ | 36 |
| ടീച്ചേഴ്സ് കൺസൾട്ടേററീവ് കമ്മററി | 36 |
| സ്റ്റുഡന്റ്സ് കൺസൾട്ടേററീവ് കമ്മററി | 16 |
| ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ | 1 |
| ഹയർ എഡ്യൂക്കേഷൻ കൗൺസിൽ അംഗങ്ങൾ | 5 |

(ഏകദേശ കണക്ക്മാത്രം)

അവസരങ്ങൾ പാർത്തിരിക്കുന്ന അക്കാദമിക് പണ്ഡിതന്മാർക്കുവേണ്ടി യു.ഡി.എഫ് ഒരുക്കുന്ന സമ്മാനമഴ!

ന്ന് കോൺഗ്രസിനകത്തുണ്ടായിട്ടുള്ള വിഭാഗീയതയും ഘടകകക്ഷി ബന്ധങ്ങളിലെ മാററം മറിച്ചിലുകളുമൊക്കെ ഗവൺമെന്റിന്റെ കെട്ടുറപ്പിനെത്തന്നെ അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, ജാതി-മത-വർഗീയ ശക്തികളെ പ്രീണിപ്പിച്ചുകൊണ്ട് അധികാരത്തിൽ തുടരാൻ ശ്രമിക്കുന്ന സർക്കാരിന് ഇത്തരം ഒരു നിയമനിർമ്മാണം അനിവാര്യമായി വരുന്നു. സർവ്വകലാശാലകളെ രാഷ്ട്രീയവിമുക്തമാക്കുക എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് സർക്കാർ നടപ്പാക്കാൻ പോകുന്ന ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ യഥാർത്ഥ ലക്ഷ്യം ഭരിക്കുന്ന ഗവൺമെന്റിന്റെ സങ്കുചിതമായ രാഷ്ട്രീയനേട്ടം തന്നെയാണ്.

ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെന്റ് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വർഗീയവൽക്കരിച്ചുകൊണ്ട് രാഷ്ട്രീയ അടിത്തറ വികസിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നതെങ്കിൽ; കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കേരളം ഭരിക്കുന്ന യു.ഡി.എഫ് ഗവൺമെന്റ് വിദ്യാഭ്യാസത്തിന്റെ മാനേജ്മെന്റ് തലം വർഗീയശക്തികൾക്ക് അടിയറവു വച്ചുകൊണ്ട് അധികാരം നിലനിർത്തുന്നതിനാണ് ശ്രമിക്കുന്നത്. ഭൂരിപക്ഷ സമുദായത്തെ വർഗീയവൽക്കരിച്ചുകൊണ്ട്, ജനകീയ അടിത്തറയുള്ള ഒരു വോട്ടുബാങ്ക് സൃഷ്ടിക്കുന്നതിനാണ് ബി.ജെ.പി ശ്രമിക്കുന്നതെങ്കിൽ, ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമെന്യെ ജാതി-മത-വർഗീയ മേലാളന്മാരുടെ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരു വരേണ്യലോബിയുടെ പിന്തുണയോടെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നുമുള്ള എതിർപ്പുകളെ അതിജീവിക്കാനാണ് ആന്റണിസർക്കാർ ശ്രമിക്കുന്നത്. ഏകീകൃത സർവ്വകലാശാലാനിയമം ഇത്തരം

വർഗീയ-വരേണ്യ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉപകരണം മാത്രമാണ്.

## വർഗീയ-വാണിജ്യ താല്പര്യങ്ങൾ കൈകോർക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ വികസനത്തിന് ജാതി-മത-സാമുദായിക പ്രസ്ഥാനങ്ങൾ സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട് എന്ന കാര്യം നിസ്തർക്കമാണ്. ഇന്നു നിലവിലുള്ള ഭൂരിപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളും ജാതി-മത-സാമുദായിക പ്രസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പും പിൻപും ഇത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിച്ചുപോന്നത്. വിദ്യാഭ്യാസത്തിന്റെ സാർവത്രീകരണം ലക്ഷ്യമാക്കി സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവർത്തനച്ചിലവിന്റെ സിംഹഭാഗവും വഹിക്കുന്നതിന് സർക്കാർ മുന്നോട്ടുവന്നു. എന്നാൽ സർക്കാരിന്റെ വർദ്ധിച്ച സാമ്പത്തിക ബാധ്യതക്കനുസൃതമായി സ്ഥാപനങ്ങളുടെ മേൽ സാമൂഹിക നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ വിജയിക്കുകയുണ്ടായില്ല. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് 1957-ലെ ഇ.എം.എസ്സിന്റെ മന്ത്രിസഭ നടപ്പാക്കാൻ ശ്രമിച്ച പരിഷ്ക്കാരത്തിനെതിരെ ജാതി-മത-വർഗീയ ശക്തികളുടെ പിൻബലത്തിൽ കോൺഗ്രസ് നടത്തിയ വിമോചനസമരം സർക്കാരിന്റെ പതനത്തിലാണ് കലാശിച്ചത്. 1969-ൽ രൂപം കൊടുത്ത കേരള യൂണിവേഴ്സിററി ആക്ടിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ സ്വകാര്യമാനേജ്മെന്റുകളുടെ പ്രവർത്തനത്തിനു സാമൂഹ്യനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ പിന്നീടുണ്ടായ കോടതിവിധികളുടെയും വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ ഈ നിയന്ത്രണങ്ങളിലും ഇളവുകൾ വരുത്തേണ്ടിവന്നു. 1974-ൽ നിലവിൽവന്ന കേരള യൂണിവേഴ്സിററി ആക്ടിലും 1975-ൽ നിലവിൽവന്ന കോഴിക്കോട് യൂണിവേഴ്സിററി ആക്ടിലും സ്വകാര്യസ്ഥാപനങ്ങളുടെ മേൽ പരിമിതമായ നിയന്ത്രണങ്ങൾ മാത്രമെ ഏർപ്പെടുത്തിയിട്ടുള്ളു. ഇത്തരം നിയന്ത്രണങ്ങൾ പോലും എടുത്തുകളഞ്ഞുകൊണ്ട് ജാതി-മത-സാമുദായിക നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണസ്വാതന്ത്ര്യം നൽകുക എന്നതാണ് ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ ഒരു പ്രധാനലക്ഷ്യം.

### അദ്ധ്യാപക–വിദ്യാർത്ഥി പ്രാതിനിധ്യം കുറയുന്നു മാനേജർമാരുടെ പ്രാതിനിധ്യം കൂടുന്നു

സെനററിൽ നിലവിൽ (കേരള- കാലിക്കററ്) 24 അദ്ധ്യാപക പ്രതിനിധികളും 4 പ്രൈവററ് കോളജ് മാനേജർമാരുടെ പ്രതിനിധികളും ആണുള്ളത്. ഏകീകൃത ബില്ലിൽ അദ്ധ്യാപക പ്രതിനിധികളുടെ എണ്ണം 24ൽ നിന്നും 4 ആയി ചുരുക്കിയിരിക്കുന്നു. എയിഡഡ് കോളജ് അദ്ധ്യാപകർക്കുള്ള പ്രത്യേക മണ്ഡലവും വേണ്ടെന്നു വച്ചിരിക്കുന്നു. അതേസമയം മാനേജർമാരുടെ പ്രതിനിധികളുടെ എണ്ണം 4ൽ നിന്നും 5 ആയി വർദ്ധിക്കുന്നു.

പുതിയ എക്സിക്യൂട്ടീവ് കൗൺസിലിൽ (സിൻഡിക്കേററ്) വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാവില്ല.

വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേക്ക് കടന്നുവന്ന മുഖ്യമന്ത്രി ആന്റണിയുടെ ഏററവും പുതിയ മുഖം ഇവിടെ ദർശിക്കുക!

അദ്ധ്യാപക- വിദ്യാർത്ഥി പ്രാതിനിധ്യം കുറച്ച്, മാനേജർമാരുടെ പ്രാതിനിധ്യം കൂട്ടിയാൽ അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുമെന്നാണ് സർക്കാരിന്റെ ഏററവും പുതിയ കണ്ടെത്തൽ!

1980-കൾ മുതൽ വിദ്യാഭ്യാസരംഗത്തു വേരൂന്നിത്തുടങ്ങിയതും ഇപ്പോൾ വളരെ കരുത്തുനേടിക്കഴിഞ്ഞിരിക്കുന്നതുമായ പുത്തൻ പ്രവണതകളുടെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു നീക്കത്തെ വിലയിരുത്തേണ്ടത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സാമൂഹ്യ നീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിനും വികേന്ദ്രീകൃത ജനാധിപത്യ ഭരണസംവിധാനത്തിനുമാണ് മുൻതൂക്കം നൽകിയത്. കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരമൊരു നയമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എൺപതുകളുടെ ആരംഭം വരെ നടപ്പാക്കിയത്. ഉന്നതവിദ്യാഭ്യാസരംഗത്താണ് ഇതിനെതിരെയുള്ള നീക്കം ആദ്യം ആരംഭിച്ചത്. 1982-ലെ മാധുരിഷാ കമ്മീഷൻ റിപ്പോർട്ടിലും 1984-ലെ ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടിലും ഗണപരമായ വികസനത്തിലും (Quantitative growth) പ്രാധാന്യം നൽകേണ്ടത് ഗുണപരമായ മാററത്തിനാണെന്നും (Qualitative change) ആ ലക്ഷ്യത്തിലേക്കു നീങ്ങുന്നതിന് ജനാധിപത്യ സംവിധാനങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുമെന്നുമുള്ള വാദമുഖങ്ങൾ മുന്നോട്ടുവയ്ക്കപ്പെട്ടു. 1986-ലെ പുത്തൻ വിദ്യാഭ്യാസ നയത്തിൽ 66-ലെ കോത്താരിക്കമ്മീഷന്റെ മുൻഗണനാക്രമം അട്ടിമറിച്ചുകൊണ്ട് ഗുണപരമായ മാററങ്ങൾക്ക് സഹാ

യകമാകത്തക്കവിധത്തിൽ ഗണപരമായ വികസന ത്തിന് പരിധി നിർണ്ണയിക്കുന്ന സമീപനമാണ് സ്വീ കരിച്ചത്. 'സെന്റേഴ്സ് ഓഫ് എക്സലൻസിനെ'പ്പററിയും സ്വയംഭരണ കോളജുകളെപ്പററിയും ഉള്ള മൂർ ത്തമായ നിർദ്ദേശങ്ങളും അവതരിപ്പിക്കപ്പെട്ടു. ഇതി ന്റെ പശ്ചാത്തലത്തിൽ 1990-ൽ യു.ജി.സി നിയമിച്ച ജ്ഞാനം കമ്മിററി, യൂണിവേഴ്സിററി നിയമങ്ങൾ പൊ ളിച്ചെഴുതുന്നതിന് വേണ്ടി ഒരു 'മോഡൽ ആക്ട്' പാർ ലമെന്റിൽ അവതരിപ്പിക്കണമെന്ന നിർദ്ദേശവും മു

## സുപ്രീം കോടതി വിധി മറികടക്കാൻ കുറുക്കുവഴി: ക്യാപ്പിറേഷൻ ഫീ പാടില്ല; ഡൊണേഷൻ ആകാം

അൺ എയിഡഡ് കോളജുകളിൽ ക്യാപ്പിറേഷൻ ഫീ വാങ്ങാൻ പാടില്ലെന്ന് ടി.എം.എ.പൈ വിധിയിലൂടെ സുപ്രീം കോടതി അനുശാസിക്കുന്നു. സുപ്രീംകോടതി വിധിയിലെ വ്യവസ്ഥകൾ അപ്പാടെ ആവർത്തിക്കുന്ന പുതിയ നിയമ ത്തിൽ പക്ഷെ നിയമത്തെ മറികടക്കാനുള്ള സൂത്രവിദ്യയും ഒളിപ്പിച്ചിട്ടുണ്ട്. ക്യാപ്പിറേഷൻ ഫീ നിരോധിച്ചിട്ടുണ്ടെങ്കിലും ഡൊണേഷൻ സ്വീകരിക്കാമെന്ന് കരടുബില്ലിൽ വ്യവസ്ഥ ചെ യ്തിരിക്കുന്നു. പൂർണ്ണമായും സ്വാശ്രയ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന കോളജുകൾക്ക് ഡൊണേഷൻ വാങ്ങാൻ പ്രത്യേക സംവിധാനമൊരുക്കിയിരിക്കുന്നത് സുപ്രീംകോടതി വിധിയെ മറികടക്കാനെന്നു വ്യക്തം.

എയിഡഡ് കോളജുകൾക്കുള്ള സാമൂഹ്യ പിൻബലവും സ്വാശ്രയ കോളജുകൾക്കുള്ള കച്ചവട അവസരങ്ങളും പു തിയ നിയമത്തിൽ തന്ത്രപൂർവ്വം സമന്വയിപ്പിച്ചിരിക്കുന്നു!

ന്നോട്ടുവച്ചു.

90-കളിൽ ഇന്ത്യയിൽ നടപ്പാക്കിത്തുടങ്ങിയ ആ ഗോളവൽക്കരണ കമ്പോളവൽക്കരണ നയങ്ങൾ ഇ ത്തരമൊരു നീക്കത്തിന് പുതിയ മാനങ്ങൾ നൽകി. ഉന്നതവിദ്യാഭ്യാസരംഗത്തെ ഗുണമേന്മയെന്ന ആശ യത്തെ കമ്പോളവൽക്കരണവുമായും സ്വയംഭരണ മെന്ന സങ്കല്പത്തെ സ്വകാര്യവൽക്കരണമായും ഉദാ രവൽക്കരണത്തിന്റെ വക്താക്കൾ ബന്ധിപ്പിക്കാൻ ശ്ര മിച്ചു. ഉന്നതവിദ്യാഭ്യാസമേഖലയെ വാണിജ്യവൽക്ക രണത്തിന്റെ മേച്ചിൽപുറമായിക്കണ്ട ഉദാരവൽക്കര ണത്തിന്റെ വക്താക്കൾ അതിനനുകൂലമായ വാദമു ഖങ്ങൾ മുന്നോട്ടുവച്ചു. 1994-ൽ പുറത്തിറക്കിയ ലോ കബാങ്കിന്റെ റിപ്പോർട്ടിൽ (Higher Education: Lessons of Experience) നിന്നാണ് ഇതിനുള്ള ന്യാ യങ്ങൾ കണ്ടെത്തിയത്. സ്ക്കൂൾ വിദ്യാഭ്യാസത്തെ യും ഉന്നതവിദ്യാഭ്യാസത്തെയും വ്യത്യസ്ഥ ശ്രേണി കളായി അവതരിപ്പിച്ചുകൊണ്ട്, സ്ക്കൂൾതലത്തിലുള്ള വിദ്യാഭ്യാസം മാത്രമാണ് സമൂഹത്തിന്റെ മൊത്തമായ വളർച്ചയ്ക്കു സഹായകമാകുന്നതെന്നും ഉന്നതവിദ്യാ ഭ്യാസം അതു നേടുന്ന വ്യക്തികൾക്ക് സ്വകാര്യലാ ഭം ഉണ്ടാക്കാൻ മാത്രമെ ഉപകരിക്കുകയുള്ളു എന്നു മുള്ള വിചിത്രമായ ന്യായമാണ് ലോകബാങ്ക് മുന്നോ ട്ടുവച്ചത്. പൊതുനന്മ (Public good) പ്രദാനം ചെ യ്യുന്ന സ്ക്കൂൾ വിദ്യാഭ്യാസ രംഗത്തുമാത്രമായി സബ്സിഡികൾ ചുരുക്കണമെന്നും സ്വകാര്യനന്മ (Private good) തേടുന്ന ഉന്നതവിദ്യാഭ്യാസരം ഗത്തെ വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസ ആവ ശ്യത്തിനുള്ള പണം പൂർണ്ണമായും കണ്ടെത്തണമെ ന്നുമായിരുന്നു ലോകബാങ്കിന്റെ വാദം. 1997-ൽ കേ ന്ദ്രഗവൺമെന്റു തയ്യാറാക്കിയ ഔദ്യോഗിക രേഖ യിൽ (Government subsidies in India) ഈ വാദം ഏററുപാടുകയുണ്ടായി. 2000-ത്തിൽ ഇന്ത്യൻ കുത്തക വ്യവസായത്തിന്റെ പ്രതിനിധികളായ അംബാനിയും ബിർളയും ചേർന്നു തയ്യാറാക്കിയ വിദ്യാഭ്യാസ പരി ഷ്ക്കരണ റിപ്പോർട്ടിൽ (Report on a Policy Framework for Reforms in Education) ഈ ആശയയടിത്തറയിൽ നിന്നുകൊണ്ടു സ്വീകരിക്കേണ്ട പ്രായോഗിക നടപടികളെക്കുറിച്ചാണ് പ്രതിപാദിക്കു ന്നത്. കോഴ്സുകളെ ലാഭകരമായി നടത്താൻ കഴി യുന്നവയെന്നും അല്ലാത്തവയെന്നും രണ്ടായി തരം തിരിച്ച്, ഇതിൽ ആദ്യത്തെ ഗണത്തിൽപെടുന്ന സ യൻസ്-ടെക്നോളജി-പ്രൊഫഷണൽ കോഴ്സുകൾ പൂർണ്ണമായും കച്ചവട അടിസ്ഥാനത്തിൽ നടത്തണ മെന്നാണ് അംബാനി-ബിർളാമാർ ആവശ്യപ്പെടുന്ന ത്. കച്ചവട ബാധ്യതയില്ലാത്ത ഭാഷാവിഷയങ്ങളും മാനവിക വിഷയങ്ങളും പഠിപ്പിക്കുന്നതിനുമാത്രം സർ ക്കാർസഹായം നൽകിയാൽ മതിയാകും. സ്വകാര്യ സർവ്വകലാശാലകളും കോളജുകളും സ്ഥാപിക്കുന്ന തിനും വിദേശമൂലധനനിക്ഷേപത്തിനും അനുവാദം നൽകുകയും കാമ്പസുകളെ അരാഷ്ട്രീയവൽക്കരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് സർക്കാർ പ്രധാനമായും ചെയ്യേണ്ടത്. 2005 ജനുവ രിയിൽ അന്താരാഷ്ട്ര തലത്തിൽ നലവിൽ വരുന്ന ആഗോളസേവന ഉടമ്പടി (General Agreement on for Trade in Services) ഇന്ത്യയിൽ ഫലപ്രദ മായി നടപ്പാക്കുന്നതിനുവേണ്ടി ഇന്ത്യൻ വിദ്യാഭ്യാ സ സമ്പ്രദായത്തെ പാകപ്പെടുത്തി എടുക്കുന്നതിനു സഹായകമായ ശുപാർശകളാണ് അംബാനി-ബിർളാ റിപ്പോർട്ടിലുള്ളത്. പരസ്യമായിത്തന്നെ ഇത്തരമൊ രു അജണ്ട മുന്നോട്ടുവച്ചുകൊണ്ടാണ് 2003 ഡിസം ബറിനകം എല്ലാ കോളജുകളും അക്രഡിറേറഷനു

വിധേയമായിക്കൊള്ളണമെന്ന് NAAC,UGCയും അനുശാസിക്കുന്നത്. പുത്തൻ സാഹചര്യങ്ങൾക്കനുകൂലമായ സമീപനമാണ് കോടതികളും സ്വീകരിക്കുന്നത്. ടി.എം.എ പൈകേസ്സിൽ വിധി പറഞ്ഞുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തെ "സ്വകാര്യനന്മ"യായി നിർവചിച്ചിരിക്കുന്ന സുപ്രീംകോടതി, ലോകബാങ്കിന്റെ

## അൺ എയിഡഡ് കോളജുകളിൽ ആർക്കും പഠിപ്പിക്കാം

അൺ എയിഡഡ് കോളജുകളിലെ പഠനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനുള്ള ബാധ്യത സർക്കാരിനുണ്ടെന്ന് ടി.എം.എ.പൈ വിധിയിൽ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. അധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഏർപ്പെടുത്തുക എന്നത് സർക്കാരിന്റെ പ്രാഥമിക കർത്തവ്യം മാത്രമാണ്. എന്നാൽ പുതിയ നിയമത്തിൽ ഇതിനുള്ള വ്യവസ്ഥകൾ ഒന്നുമില്ല. അതേസമയം യൂണിവേഴ്സിററികളുടെ നിയന്ത്രണം ഇക്കാര്യത്തിലുണ്ടെന്ന് വരുത്തിത്തീർക്കാനും ശ്രമിച്ചിരിക്കുന്നു. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ സുതാര്യമായ സംവിധാനത്തിലൂടെ അധ്യാപക നിയമനം നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനു പകരം, അൺ എയിഡഡ് കോളജുകളിലെ അധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് പരിശോധന നടത്താൻ യൂണിവേഴ്സിററികൾക്ക് അധികാരമുണ്ടായിരിക്കുമെന്നു മാത്രം വ്യവസ്ഥചെയ്തിരിക്കുന്നു.

ഫലത്തിൽ അധ്യാപകർ തങ്ങളുടെ യോഗ്യത സംബന്ധിച്ച് വ്യാജ പ്രസ്താവന നടത്തിയിട്ടുണ്ടോ എന്നു പരിശിധിക്കാൻ മാത്രമാണ് യൂണിവേഴ്സിററികൾക്ക് അധികാരം നൽകിയിരിക്കുന്നത്.

സേവന-വേതന വ്യവസ്ഥകൾ സർക്കാർ - എയിഡഡ് മേഖലയിലെ അധ്യാപകർക്കു തുല്യമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതിനുപകരം, കാലാകാലങ്ങളിൽ സർക്കാർ നിർണ്ണയിക്കുന്ന സേവന-വേതന വ്യവസ്ഥകൾ അൺ എയിഡഡ് കോളജുകൾക്ക് ബാധകമായിരിക്കുമെന്ന് മാത്രം വ്യവസ്ഥ ചെയ്തിരിക്കുന്നു.

1994-ലെ നിലപാടുകൾ ശരിവച്ചിരിക്കുകയാണ്. കേന്ദ്രസർക്കാരും കോടതികളും ഉന്നതവിദ്യാഭ്യാസത്തിന്റെ ആഗോളവൽക്കരണത്തിനും കമ്പോളവൽക്കരണത്തിനും അനുകൂലമായി സ്വീകരിച്ചിരിക്കുന്ന നയങ്ങളുടെയും നടപടികളുടെയും പശ്ചാത്തലത്തിൽ വേണം കേരള ഗവൺമെന്റ് 'ധവളപത്രത്തിൽ' അവതരിപ്പിച്ച ഉന്നതവിദ്യാഭ്യാസ 'വികസന അജണ്ട'യെ വിലയിരുത്തേണ്ടത്. പ്രധാനമായും നിർദ്ദേശിക്കപ്പെട്ട പരിഷ്ക്കാരങ്ങൾ ഇവയാണ്.

* വിദ്യാർത്ഥികളുടെ ഫീസു ഭീമമായി വർദ്ധിപ്പിക്കുക.
* പുതിയ എയിഡഡ് കോളജുകൾ അനുവദിക്കാതിരിക്കുക.
* പുതിയ കോഴ്സുകളും ബാച്ചുകളും സ്വാശ്രയ സമ്പ്രദായത്തിൽ മാത്രം ആരംഭിക്കുക.
* അടിസ്ഥാനസൗകര്യങ്ങളും സാമ്പത്തിക ഭദ്രതയുമുള്ള കോളജുകൾക്ക് ഓട്ടോണമസ് പദവി നൽകുക. ഇങ്ങനെയുള്ള കോളജുകളിൽ ഇന്നു നിലവിലുള്ള ജീവനക്കാർക്കു മാത്രം സർക്കാർ തുടർന്നും ശമ്പളം നൽകും. പുതിയ കോഴ്സുകൾ സ്വാശ്രയ സമ്പ്രദായത്തിൽ മാത്രം നടത്താം. പുതിയ നിയമനങ്ങൾക്ക് മാനേജ്മെന്റ് പണം കണ്ടെത്തണം. ശമ്പളം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അററകുററപണികൾ നടത്തുന്നതിനുമൊക്കെ പണം വിദ്യാർത്ഥികളുടെ ഫീസിനത്തിൽ പെടുത്തി വാങ്ങണം.

## വിദ്യാഭ്യാസക്കച്ചവടം: യൂണിവേഴ്സിററികൾക്കു മേൽ കടുത്ത സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും

സർക്കാരിന്റെ മുൻകൂർ അനുമതികൂടാതെ അടിയന്തിര ഘട്ടങ്ങളിൽ പോലും സർക്കാരിനു സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്നും യൂണിവേഴ്സിററി സമിതികളെ വിലക്കുന്ന വ്യവസ്ഥകളാണ് കരടു ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതേസമയം കച്ചവട അടിസ്ഥാനത്തിൽ കോഴ്സുകൾ നടത്തിയും സംഭാവനകളിലൂടെയും യൂണിവേഴ്സിററികൾ സ്വയം സമ്പാദിക്കുന്ന പണം ഇഷ്ടംപോലെ ചിലവാക്കുന്നതിനുള്ള സർവ്വസ്വാതന്ത്ര്യവും ബില്ലിൽ നൽകുന്നുണ്ട്. രണ്ടു വ്യവസ്ഥകളുടെയും ലക്ഷ്യം ഒന്നുതന്നെ. സർക്കാർ ഗ്രാന്റ് നിഷേധിച്ചും കച്ചവടത്തിന്റെ വഴികൾ മലർക്കെ തുറന്നുകൊടുത്തും ഉന്നത വിദ്യാഭ്യാസത്തിന്റെ കമ്പോളവൽക്കരണം അനിവാര്യമാക്കുകയാണ് ലക്ഷ്യം.

സമ്പൂർണ്ണമായ വാണിജ്യവൽക്കരണമാണ് ഗവൺമെന്റു ലക്ഷ്യമാക്കുന്നത്. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ജാതി-മത-സാമുദായിക ശക്തികളാണ് ഈ വാണിജ്യവൽക്കരണത്തിന്റെ

ഏററവും പ്രധാന ഗുണഭോക്താക്കൾ. യൂണിവേഴ്സിററി നിയമങ്ങൾ പൊളിച്ചെഴുതിക്കൊണ്ട് വർഗീയ-വാണിജ്യ താല്പര്യങ്ങളെ ഒരേസമയം താലോലിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. യൂണിവേഴ്സിററികളിൽ നിലവിലുള്ള ജനാധിപത്യ ഭരണക്രമങ്ങളും സ്വയംഭരണ സംവിധാനങ്ങളും ഇല്ലാതാക്കിക്കൊണ്ട് കോളജുകൾക്ക് നിയന്ത്രണങ്ങളില്ലാത്ത സ്വയംഭരണാധികാരം അനുവദിച്ചുകൊടുത്ത് ലക്ഷ്യം നേടാമെന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്.

## ജനാധിപത്യവും സ്വയംഭരണവും അട്ടിമറിക്കുന്നു

നിർദ്ദിഷ്ട നിയമത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. എന്നിരുന്നാലും പലപ്പോഴായി വിദ്യാഭ്യാസ മന്ത്രിയും മററു ഗവൺമെന്റു വക്താക്കളും നടത്തിയിട്ടുള്ള പ്രസ്താവനകളും അധികാരമേററെടുത്തതിനുശേഷം നാളിതുവരെയുള്ള ഗവൺമെന്റിന്റെ ചെയ്തികളും ഇതുമായി ബന്ധപ്പെട്ട് ചില സൂചനകൾ നൽകുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്തെ അരാഷ്ട്രീയവൽക്കരിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ ഈ രംഗത്തു നിലവിലുള്ള പരിമിതമായ ജനാധിപത്യ ഭരണക്രമങ്ങൾ പോലും അട്ടിമറിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ആഗോളവൽക്കരണ-കമ്പോളവൽക്കരണ-വർഗീയവൽക്കരണ അജണ്ട നടപ്പാക്കാൻ ഇന്നു നിലവിലുള്ള ജനാധിപത്യ ഭരണക്രമങ്ങൾ തടസ്സമാവുന്നു എന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. രാഷ്ട്രീയ ബലാബലങ്ങൾ ഏതാണ്ട് തുല്യമായി, യു.ഡി.എഫ്, എൽ.ഡി.എഫ്. ചേരികളിൽ പങ്കിടപ്പെട്ടിട്ടുള്ള കേരളത്തിൽ ഇത്തരം ഒരു ആശങ്കയ്ക്ക് അടിസ്ഥാനമുണ്ട് എന്നതുശരിതന്നെ. പക്ഷെ ഒരു സർക്കാരിന്റെ നയം നടപ്പാക്കുന്നതിന് അനുകൂലമാണോ അല്ലയോ എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ സംവിധാനങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നത് ശരിയല്ല. അധികാരത്തിലെത്താനും അധികാരം നിലനിർത്താനുമുള്ള ഒരു കുറുക്കുവഴി എന്നതിലുപരിയായി ജനാധിപത്യം ഒരു ജീവിതശൈലിയായി ഇന്നത്തെ ഭരണാധികാരികൾക്കു സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത.

കോത്താരികമ്മീഷന്റെ മാർഗനിർദേശക തത്വങ്ങൾ ക്ക് അനുസൃതമായി വിഭാവനം ചെയ്തിട്ടുള്ള

### ജനാധിപത്യനിഷേധം ഏകീകൃതത്തിലൂടെ

ഏകീകൃത സർവ്വകലാശാലാ ബില്ലിൽ എക്സിക്യൂട്ടീവ് കൗൺസിൽ (സിൻഡിക്കേററ്) അക്കാദമിക് കൗൺസിൽ എന്നീ സമിതികളിലേക്ക് തിരഞ്ഞെടുപ്പ് സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. ഈ സമിതികളിൽ എക്സ് ഓഫിഷ്യോ അംഗങ്ങളും സർക്കാർ നോമിനികളും മാത്രമാണ് ഉണ്ടാവുക. ജനറൽ കൗൺസിലിൽ (സെനററ്) മാത്രമാണ് തിരഞ്ഞെടുപ്പു സമ്പ്രദായം ഭാഗികമായിട്ടെങ്കിലും നിലനിർത്തിയിട്ടുള്ളത്.

'രാഷ്ട്രീയ അതിപ്രസരം' ഒഴിവാക്കാൻ ജനാധിപത്യ സംവിധാനത്തെ തള്ളിപ്പറയുന്ന സർക്കാർ, രാഷ്ട്രീയക്കാർ നോമിനേററു ചെയ്യുന്ന സമിതികൾ രാഷ്ട്രീയ വിമുക്തമായിരിക്കുമെന്നും വാദിക്കുന്നു!

-യു.ഡി.എഫ് സർക്കാരിന്റെ അരാഷ്ട്രീയവാദവും ഹൈക്കോടതിയുടെ കാമ്പസ് രാഷ്ട്രീയ നിരോധനവും ഒരേ നാണയത്തിന്റെ രണ്ടുമുഖങ്ങൾ മാത്രം. രാഷ്ട്രീയവും ജനാധിപത്യവും ഇഴപിരിക്കാനാവാത്തവിധം കെട്ടുപിണഞ്ഞു കിടക്കുന്ന ഇന്ത്യയിൽ ഒന്നിന്റെ നിഷേധം മറേറതിന്റെ നിഷേധം കൂടിയാവും.

### സെനററിനെ നോക്കുകുത്തിയാക്കുന്നു അധികാരങ്ങൾ മുഴുവൻ സിൻഡിക്കേററിന്

നിലവിലുള്ള നിയമമനുസരിച്ച് കേരള- കാലിക്കററ് സർവ്വകലാശാലകളിലെ പരമാധികാര സഭയാണ് സെനററ്. സമൂഹത്തിന്റെ വ്യത്യസ്ഥ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെനററ് സമൂഹത്തിന്റെ തന്നെ പരിച്ഛേദമാണ്.

പുതിയ നിയമപ്രകാരം സെനററ് (ജനറൽ കൗൺസിൽ) ഒരു ചർച്ചാവേദി മാത്രമായി ചുരുങ്ങും. അധികാരങ്ങൾ മുഴുവൻ നോമിനേററഡ് സമിതിയായ സിൻഡിക്കേററിൽ (എക്സിക്യൂട്ടീവ് കൗൺസിൽ) കേന്ദ്രീകരിക്കും. ഫലത്തിൽ സമൂഹത്തിനു മൊത്തമായുണ്ടായിരുന്ന അധികാരം സമൂഹത്തോടു നേരിട്ടു ഉത്തരവാദിത്തമില്ലാത്ത ഏതാനും വ്യക്തികളിലേക്ക് കൈമാററം ചെയ്യപ്പെടും. തങ്ങളെ നാമനിർദ്ദേശം ചെയ്ത രാഷ്ട്രീയ നേതൃത്വത്തോടു മാത്രമായിരിക്കും എക്സിക്യൂട്ടീവ് കൗൺസിലിലെ അംഗങ്ങളുടെ പ്രതിബദ്ധത. വിശാല സാമൂഹ്യ പ്രതിബദ്ധതയെന്നത് ഭരിക്കുന്ന സർക്കാരിനോടുള്ള സങ്കുചിത പ്രതിബദ്ധതയായി ചുരുങ്ങും.

## യൂണിവേഴ്സിററികളുടെ അക്കാദമിക് അധികാരങ്ങൾ സർക്കാർ കവർന്നെടുക്കുന്നു

ഗവൺമെന്റും യൂണിവേഴ്സിററികളും തമ്മിലുള്ള പാരസ്പര്യം പുതിയ നിയമനിർമ്മാണത്തോടെ കീഴ്മേൽ മറിയും. പുതിയ അദ്ധ്യാപക- അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിക്കാൻ യൂണിവേഴ്സിററികൾ സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. കാലാകാലങ്ങളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ജോലിഭാരം നിർണ്ണയിക്കാനും നിയമനങ്ങൾ അംഗീകരിക്കാനുമുള്ള അധികാരവും സർക്കാരിൽ നിക്ഷിപ്തമായിരിക്കും. അക്കാദമിക് താല്പര്യങ്ങൾക്കു പകരം സർക്കാരിന്റെ സാമ്പത്തിക താല്പര്യങ്ങൾക്കായിരിക്കും മുൻതൂക്കം ലഭിക്കുക. അക്കാദമിക് സ്വയംഭരണമെന്ന സങ്കല്പം തന്നെ പുതിയ നിയമത്തിൽ അട്ടിമറിക്കപ്പെടും.

കേരള- കാലിക്കററ്- മഹാത്മാഗാന്ധി യൂണിവേഴ്സിററികളിൽ നാളിതുവരെ നിലനിന്നിരുന്നതും നിരവധി കോടതിവിധികളിലൂടെ സംരക്ഷിക്കപ്പെട്ടിരുന്നതുമായ യൂണിവേഴ്സിററികളുടെ അധികാരങ്ങൾ പുതിയ നിയമത്തിലൂടെ സർക്കാർ കവർന്നെടുക്കുകയാണ്.

കേരള-കോഴിക്കോട് സർവ്വകലാശാലാ നിയമങ്ങളിൽ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾപ്പെടുന്ന സെനററും അക്കാദമിക് കൗൺസിലും സിൻഡിക്കേററുമാണ് നിലവിലുള്ളത്. ഇത്തരം സമിതികളിൽ സർക്കാർ നോമിനേററു ചെയ്യുന്ന അംഗങ്ങൾ മാത്രം മതി എന്നതാണ് യു.ഡി.എഫ് നയമെന്നറിയുന്നു. സാങ്കേതിക ന്യായങ്ങൾ പറഞ്ഞ് ഈ നയത്തിനു ന്യായീകരണം കണ്ടെത്താനാണ് ബന്ധപ്പെട്ടവർ ശ്രമിക്കുന്നത്. നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ ബില്ലിൽ യൂണിവേഴ്സിററികളിൽ നിലവിലുള്ള ജനാധിപത്യ ഭരണക്രമങ്ങൾ നിലനിർത്തുന്നതിനുള്ള വകുപ്പുകൾ ഉൾക്കൊള്ളിക്കാൻ നിയമതടസ്സമുണ്ട് എന്ന് ഒരു സർക്കാർ വക്താവ് പ്രസ്താവിക്കുകയുണ്ടായി. സർവ്വകലാശാലാ ഭരണസമിതികൾ തിരഞ്ഞെടുപ്പിലൂടെ രൂപീകരിക്കുന്നതിനു പകരം നോമിനേഷന്റെയോ റൊട്ടേഷന്റെയോ അടിസ്ഥാനത്തിൽ രൂപീകരിക്കാമെന്ന് 1982-ലെ മാധുരി ഷാകമ്മീഷൻ റിപ്പോർട്ടിലും 1990-ലെ ജ്ഞാനം കമ്മിററി റിപ്പോർട്ടിലും ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ യൂണിവേഴ്സിററികൾ സ്ഥാപിക്കുമ്പോൾ നോമിനേഷൻ/റൊട്ടേഷൻ വ്യവസ്ഥകളിലൂടെ സമിതികൾ രൂപീകരിക്കണമെന്ന് യു.ജി.സി നിഷ്കർഷിക്കാറുണ്ട്. മഹാത്മാഗാന്ധി, കണ്ണൂർ യൂണിവേഴ്സിററികളിലെ സമിതികൾ യു.ജി.സിയുടെ നിബന്ധനകൾക്കനുസൃതമായി രൂപീകരിക്കപ്പെട്ടതാണ്. എന്നാൽ ഇപ്പോൾ ജനാധിപത്യ സംവിധാനങ്ങൾ നിലവിലുള്ള യൂണിവേഴ്സിററികളിൽ ഇത്തരം ഒരു മാററം യു.ജി.സി ആവശ്യപ്പെട്ടിട്ടില്ല.

## ഏകീകൃത സർവ്വകലാശാലാനിയമം: മഹാരാഷ്ട്രമോഡൽ ബോർഡ് ഓഫ് സ്റ്റഡീസിലേക്കും തിരഞ്ഞെടുപ്പ്

1994-ലെ മഹാരാഷ്ട്രാ ഏകീകൃത യൂണിവേഴ്സിററി നിയമപ്രകാരം സെനററ്, മാനേജ്മെന്റ് കൗൺസിൽ (സിൻഡിക്കേററ്) അക്കാദമിക് കൗൺസിൽ എന്നീ സമിതികൾക്കു പുറമെ ബോർഡ് ഓഫ് സ്റ്റഡീസിലേക്കും തിരഞ്ഞെടുപ്പു സമ്പ്രദായം വ്യാപിപ്പിച്ചിരിക്കുന്നു. താഴെ പറയുന്ന രീതിയിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ കണ്ടെത്തുക

1) ബന്ധപ്പെട്ട വിഷയത്തിലെ യൂണിവേഴ്സിററി ഡിപ്പാർട്ടുമെന്റ് തലവൻ.

2) 10 വർഷത്തിൽ കുറയാതെ സർവ്വീസുള്ള അഫിലിയേററഡ് കോളജുകളിലെ ഡിപ്പാർട്ടുമെന്റ് തലവന്മാർ തങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന 6 അദ്ധ്യാപകർ.

3) ഒന്നും രണ്ടും വിഭാഗങ്ങളിൽ പെടുന്നവർ ചേർന്ന് കോ ഓപ്റ്റ് ചെയ്യുന്ന

(a) പത്തുവർഷത്തിൽ കുറയാതെ സർവ്വീസുള്ള അഫിലിയേററഡ് കോളജിലെ പോസ്റ്റുഗ്രാജ്വേററ് ടീച്ചിംഗ് എക്സ്പീരിയൻസുള്ള അദ്ധ്യാപകൻ.

(b) പത്തുവർഷത്തിൽ കുറയാതെ സർവ്വീസുള്ള അഫിലിയേററഡ് കോളജിലെ ഡിപ്പാർട്ടുമെന്റ് തലവനല്ലാത്ത അദ്ധ്യാപകൻ.

(c) രണ്ട് അക്കാദമിക് വിദഗ്ധർ (യോഗ്യത കൃത്യമായി തിട്ടപ്പെടുത്തിയിട്ടുണ്ട്).

ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളിൽ നിന്നുതന്നെ ചെയർമാനെ തിരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് മഹാരാഷ്ട്രാ ആക്ടിൽ ഉള്ളത്.

തിരഞ്ഞെടുപ്പിന്റെ അതിപ്രസരത്തിൽ മുങ്ങി അക്കാദമിക് നിലവാരം താഴുന്നതായി മഹാരാഷ്ട്രയിലെ യൂണിവേഴ്സിററികളിൽ പരാതി ഉണ്ടായിട്ടില്ല.

ജ്ഞാനം കമ്മിററി റിപ്പോർട്ടിനെക്കുറിച്ച് അവലോകനം നടത്തിയ കേന്ദ്രവിദ്യാഭ്യാസ ഉപദേശകസമിതി, നിലവിലുള്ള ജനാധിപത്യ സംവിധാനങ്ങൾ തുടരാൻ യൂണിവേഴ്സിററികളെ അനുവദിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, ജ്ഞാനം കമ്മിററിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാർലമെന്റിന്റെ 'മോഡൽ ആക്ട്' പാസാക്കേണ്ടതില്ല എന്ന തീരുമാനമുണ്ടായി. ജ്ഞാനം കമ്മിററി, മോഡൽ ആക്ട് തയ്യാറാക്കുന്നിനു വേണ്ടി സമർപ്പിച്ച നിർദ്ദേശങ്ങൾ മാത്രമാണ് ഇപ്പോൾ ഇതു സംബന്ധിച്ചു നിലവിലുള്ള രേഖ. മോഡൽ ആക്ട് പാർലമെന്റിൽ അവതരിപ്പിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല. ഇല്ലാത്ത കേന്ദ്രനിയമം ഉണ്ടെന്ന ധാരണ പരത്തി സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാനാണ് ബന്ധപ്പെട്ടവർ ശ്രമിക്കുന്നത്.

ഏകീകൃത സർവ്വകലാശാലാ നിയമം തന്നെ ജനാധിപത്യ ഭരണസംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള അവസരമാക്കിയ അനുഭവങ്ങളും നമ്മുടെ മുന്നിലുണ്ട്. മഹാരാഷ്ട്രയിൽ 1994-ൽ പാസ്സാക്കിയ ഏകീകൃത സർവ്വകലാശാലാനിയമത്തിലൂടെ ജനാധിപത്യ സംവിധാനങ്ങളെ നിലനിർത്താനും ശക്തിപ്പെടുത്താനുമാണ് ശ്രമിച്ചത്. സെനററ്, സിൻഡിക്കേററ്, അക്കാദമിക് കൗൺസിൽ എന്നിവയ്ക്കു പുറമെ ബോർഡ് ഓഫ് സ്റ്റഡീസിലും ജനാധിപത്യ മാതൃകയിലുള്ള തിരഞ്ഞെടുപ്പു സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ കർണ്ണാടകയിൽ 2000-ത്തിൽ നടപ്പാക്കിയ നിയമത്തിൽ നിലവിലുള്ള ജനാധിപത്യ സമിതികൾപോലും വേണ്ടെന്നു വച്ചു. ഏകീകൃത സർവ്വകലാശാലാനിയമം നടപ്പാക്കിയിട്ടില്ലാത്ത പശ്ചിമ ബംഗാളിലെ വിദ്യാസാഗർ യൂണിവേഴ്സിററിയിൽ വൈസ്ചാൻസിലറെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പോലും സെനററിൽ നിക്ഷിപ്തമാണ്.

കേരള, മഹാത്മാഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള കമ്മീഷനുകളും വ്യത്യസ്ഥ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. കേരള യൂണിവേഴ്സിററിയെക്കുറിച്ചു പഠനം നടത്തിയ പത്മാരാമചന്ദ്രൻ കമ്മീഷൻ മാത്രമാണ് തിരഞ്ഞെടുപ്പു സമ്പ്രദായം പരിമിതപ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്. പഞ്ചായത്തു മുതൽ പാർലമെന്റുവരെ ജനാധിപത്യസംവിധാനങ്ങൾ നിലവിലുള്ള രാജ്യത്ത് അഭ്യസ്തവിദ്യർ അധികാരം കൈയാളുന്ന സർവ്വകലാശാലാ സമിതികളിൽ ജനാധി

## ജനാധിപത്യ നിഷേധം: കേന്ദ്രഗവൺമെന്റും യു.ജി.സിയും കൈകഴുകുന്നു

യൂണിവേഴ്സിററികളിൽ നിലവിലുള്ള ജനാധിപത്യ ഭരണക്രമങ്ങൾ തകർക്കുന്നതിൽ കേന്ദ്രഗവൺമെന്റിനും യു.ജി.സിക്കും യാതൊരു പങ്കുമില്ലെന്ന് രാജ്യസഭയിലെ ചോദ്യോത്തരം വ്യക്തമാക്കുന്നു. ശ്രീ. വി.വി.രാഘവന്റെ ചോദ്യത്തിന് കേന്ദ്ര മാനവവിഭവശേഷി വികസന സഹമന്ത്രി നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. ചോദ്യവും ഉത്തരവും താഴെ കൊടുക്കുന്നു.

**Government of India**
Ministry of Human Resource Development
Department of Secondary and Higher Education
Rajya Sabha
Unstarred Question No.4430
to be Answered on 25-4-2003.

**NOMINATION/ELECTION OF STUDENTS TO THE UNIVERSITY SENATES SYNDICATES**

4430. Shri.V.V.Raghavan

Will the Minister of Human Resource Development be pleased to state:

a) Whether it is a fact that election component in number of University Senates and Syndicates including Central Universities is completely removed.

b) what efforts, the UGC is making in restoring the democratic governance of Universities;

c) which are the Universities where the students are elected to the University Senate and Syndicates; and

d) which are the Universities where the students are nominated to the University Senates and Syndicates?

ANSWER

**The Minister of State in the Ministry of Human Resource Development**
**(DR.Vallabhabhai Kathiria)**

(a) to (d): Universities are autonomous institutions. The composition of various bodies of the universities like Senates/Syndicates is given in the Acts & Statutes of the Universities. The appointments to these bodies are made in accordance with the prescribed procedure in the respective Acts and Statutes. No such database is centrally maintained by the UGC.

പത്യ ഭരണക്രമം പാടില്ല എന്നുള്ള വാദം സാമാന്യ യുക്തിക്കു നിരക്കാത്തതാണെന്ന് മഹാത്മാഗാന്ധി യൂണിവേഴ്സിററിയെക്കുറിച്ചു പഠനം നടത്തിയ പെരുമാൾകമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. തിരഞ്ഞെടുപ്പു സമ്പ്രദായം അപ്പാടെ നിലനിർത്തണമെന്നാണ് കോഴിക്കോട് യൂണിവേഴ്സിററിയിലെ അബ്ദുൾ റഹിമാൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളത്.

തിരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതികൾക്കു പകരം സർക്കാർ നേരിട്ടു നോമിനേററു ചെയ്യുന്ന സമിതികൾ നിലവിൽ വരുമ്പോൾ സർവ്വകലാശാലകളുടെ സ്വയംഭരണം എന്ന സങ്കല്പം തന്നെ പ്രായോഗിക തലത്തിൽ അപ്രസക്തമാകും. കോത്താരി മുതൽ ജ്ഞാനം വരെ എല്ലാ വിദ്യാഭ്യാസ വിചക്ഷണന്മാരും സർവ്വകലാശാലകളുടെ സ്വയംഭരണം നിലനിർത്തേണ്ടത് അക്കാദമിക് താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അനിവാര്യഘടകമാണെന്ന് അടിവരയിട്ടു പറയുന്നുണ്ട്. എന്നാൽ പണംമുടക്കുന്ന സർക്കാരിന് അതു എങ്ങനെ ചിലവാക്കണം എന്ന് നിഷ്കർഷിക്കാനും അധികാരം ഉണ്ട് എന്ന മുടന്തൻ ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ് സർക്കാർ യൂണിവേഴ്സിററികളുടെ സ്വയംഭരണാവകാശത്തിന്മേൽ കടന്നാക്രമണം നടത്തുന്നത്. വിദ്യാഭ്യാസ മന്ത്രിക്ക് യൂണിവേഴ്സിററി ഭരണത്തിൽ നേരിട്ട് ഇടപെടാൻ അധികാരം നൽകുന്ന വകുപ്പുകൾ ഏകീകൃത നിയമത്തിലുണ്ടാകുമെന്നാണ് അറിയുന്നത്. ജ്ഞാനം കമ്മിററി റിപ്പോർട്ട് അടിസ്ഥാനരഖയായി അംഗീകരിച്ചിരിക്കുന്ന സർക്കാർ തന്നെയാണ് ജ്ഞാനത്തിന്റെ സമീപനത്തിനും കടകവിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചിരിക്കുന്നത്. സർക്കാരും യൂണിവേഴ്സിററികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജ്ഞാനം കമ്മിററിറിപ്പോർട്ടിൽ ഉള്ള പരാമർശം ഉദ്ധരിക്കട്ടെ.

* ഉന്നതവിദ്യാഭ്യാസവികസനം സാധ്യമാക്കുന്നതിൽ സർക്കാരിന് ഒരു പങ്കാളിയുടെ ധർമ്മമാണ് നിർവഹിക്കാനുള്ളത്. അധികാരിയുടേതല്ല.

* ഭരണപരവും അക്കാദമികവുമായ കാര്യങ്ങളിൽ സർവ്വകലാശാലകൾക്ക് പൂർണ്ണ സ്വയംഭരണം ഉണ്ടാകണം. സാമ്പത്തികമായ കാര്യങ്ങളിൽ യു.ജി.സിയുടേതോ സംസ്ഥാന ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റേയോ നിർദ്ദേശകതത്വങ്ങൾക്കും യൂണിവേഴ്സിററിയും സംസ്ഥാന ഗവൺമെന്റും പരസ്പരം അംഗീകരിച്ച മാനദണ്ഡങ്ങൾക്കും വിധേയമായി സ്വയംഭരണാവകാശം ഉണ്ടായിരിക്കേണ്ടതാണ്.

* സ്ററാറ്റ്യൂട്ടുകൾ ഉണ്ടാക്കാനുള്ള അധികാരം സർവ്വകലാശാലകളിൽ നിക്ഷിപ്തമായിരിക്കണം. എന്നാൽ ഈ അധികാരം വിനിയോഗിക്കുമ്പോൾ നിലവിലുള്ള ആക്ടിനു വിരുദ്ധമായോ ഫണ്ടിംഗ് ഏജൻസികളുടെ നിബന്ധനകൾക്കു വിരുദ്ധമായി വലിയ സാമ്പത്തിക ബാധ്യക വരുത്തുന്നതോ ആയ തീരുമാനങ്ങൾ യു.ജി.സിയുടേതോ സംസ്ഥാന ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റേയോ ഉപദേശത്തിന്റ അടിസ്ഥാനത്തിൽ ചാൻസലറുടെ അംഗീകാരത്തിനു വിധേയമായി മാത്രമേ പ്രാബല്യത്തിൽ വരുത്താവൂ.

* കോളജുകളെ അഫിലിയേററു ചെയ്യാനും നൽകിയ അഫിലിയേഷൻ പിൻവലിക്കാനുമുള്ള അധികാരം യൂണിവേഴ്സിററികളിൽ നിക്ഷിപ്തമായിരിക്കണം. യൂണിവേഴ്സിററികളുടെ അഫിലിയേഷനു വിധേയമായി ഗവൺമെന്റ് ഗ്രാന്റ് നൽകണം. മറിച്ചുള്ള നടപടിക്രമം ആശാസ്യമല്ല. അതേസമയം സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനു മുമ്പായി യൂണിവേഴ്സിററികൾ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരിക്കണം.

* അഫിലിയേഷൻ സംബന്ധമായും പ്രധാന ഉദ്യോഗസ്ഥന്മാരായ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ടും യൂണിവേഴ്സിററിയുടെ അക്കാദമിക താല്പര്യങ്ങൾ സംരക്ഷിക്കാൻ വിഘാതമായി നിലവിൽ നിയമങ്ങളുണ്ടെങ്കിൽ അവ മാററുക.

* രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ മുതലായ യൂണിവേഴ്സിററിയുടെ ഭരണനിർവ്വഹണത്തിൽ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിയമനാധികാരം യൂണിവേഴ്സിററിയിൽ നിക്ഷിപ്തമായിരിക്കണം. സംസ്ഥാനസർക്കരിനോ ചാൻസലർക്കോ ആയിരിക്കരുത് ഇതിനുള്ള അധികാരം.

അക്കാദമിക് മേഖലയിലെ ഗുണമേന്മ ഉറപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും യൂണിവേഴ്സിററികളുടെ സ്വയംഭരണാവകാശം നിലനിർത്തേണ്ടതാണെന്ന് വാദിക്കുന്ന ജ്ഞാനം കമ്മിററി, സ്വയംഭരണം ഹനിക്കുന്ന വകുപ്പുകൾ യൂണിവേഴ്സിററി നിയമങ്ങളിൽ നിലനിൽക്കുന്നു എങ്കിൽ അവ മാറേറണ്ടതാണെന്നും പറയുന്നു.

സ്വയംഭരണം എന്ന സങ്കല്പവും ഉത്തരവാദിത്വഭരണമെന്ന ആശയവും പരസ്പരം പൂരകമായിരിക്കണമെന്നാണ് എല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. അക്കൗണ്ടബിലിററി എങ്ങനെ ഉറപ്പാക്കാം എന്ന കാര്യത്തിൽ മാത്രമാണ് അഭിപ്രായവ്യത്യാസം. അധികാര വികേന്ദ്രകരണവും ജനാധിപത്യ ഭരണക്രമവുമാണ് ഉത്തരവാദിത്തഭരണം ഉറപ്പാക്കാനുള്ള മാർഗങ്ങളായി കോത്താരി കണ്ടിരുന്നത്. എന്നാൽ മാധുരിഷായും ജ്ഞാനവും ഇതിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. ജനാധിപത്യ ഭരണസംവിധാനങ്ങൾ രാഷ്ട്രീയ അതിപ്രസരം

സൃഷ്ടിക്കുമെന്നും അക്കാദമിക് നിലവാരം തകർക്കും എന്നുമാണ് അവരുടെ നിഗമനം. ഇത്തരത്തിലുള്ള കാഴ്ചപ്പാടുകൾ ജനാധിപത്യത്തിന്റെ നിലനില്പിനുതന്നെ ഭീഷണിയാവില്ലേ എന്ന പ്രശ്നം ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്നത് രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. വിദ്യാഭ്യാസ രംഗത്തുനിന്ന് രാഷ്ട്രീയത്തെ അകററി നിർത്തുകയല്ല, മറിച്ച് രാഷ്ട്രീയത്തെ കൂടുതലായി വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെടുത്തുകയാണ് ജനാധിപത്യ സമൂഹത്തിൽ രാഷ്ട്രീയത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ ഉള്ള മാർഗമെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നോമിനേഷൻ സമ്പ്രദായത്തിലൂടെ നിലവിൽ വരുന്ന, "അക്കാദമിക് രാഷ്ട്രീയം" അക്കാദമിക് തലത്തെയും രാഷ്ട്രീയത്തെയും ഒരുപോലെ ദുഷിപ്പിക്കുമെന്നും മനസ്സിലാക്കേണ്ടതുണ്ട്.

## സ്വയംഭരണ കോളജുകളും സ്വാശ്രയ വിദ്യാഭ്യാസവും

ജനാധിപത്യഭരണക്രമങ്ങൾ ഇപ്പോൾ നിലവിലുള്ള സർവ്വകലാശാലാസമിതികളെ പിരിച്ചുവിട്ട് യൂണിവേഴ്സിററികളുടെ സ്വയംഭരണം അട്ടിമറിക്കാൻ ശ്രമിക്കുന്ന സർക്കാർ, ജനാധിപത്യ ഭരണസംവിധാനങ്ങൾ ഒന്നും നിലവിലില്ലാത്ത സ്വകാര്യ കോളജുകൾക്ക് സമ്പൂർണ്ണ സ്വയംഭരണാവകാശം നൽകാനാണ് ഏകീകൃത നിയമത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. വ്യക്തമായ ചില അക്കാദമിക് ലക്ഷ്യങ്ങളോടെയാണ് കോത്താരി കമ്മീഷൻ അക്കാദമിക് സ്വയംഭരണമെന്ന സങ്കല്പം മുന്നോട്ടുവച്ചത്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സർഗപ്രതിഭ പരമാവധി വികസിപ്പിക്കാൻ ഉതകുന്ന അക്കാദമിക് സ്വാതന്ത്ര്യത്തെക്കുറിച്ചാണ് കോത്താരി സ്വപ്നം കണ്ടത്. വിശാലമായ ദേശീയ കാഴ്ചപ്പാടിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുതന്നെ പ്രാദേശിക ആവശ്യങ്ങൾ കണ്ടറിഞ്ഞ് പാഠ്യവിഷയങ്ങളും പഠനരീതികളും ഭരണസമ്പ്രദായങ്ങളും നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യവും കോളജുകൾക്കുണ്ടാകണമെന്ന് കമ്മീഷൻ ഉദ്ദേശിച്ചിരുന്നു. വികസനത്തിനു വെമ്പുന്ന ഒരു രാജ്യത്ത് അനാവശ്യമായ കാലതാമസങ്ങൾ ഒഴിവാക്കാനും ഭരണപരമായ നൂലാമാലകളിൽ നിന്നും അഴിമതികളിൽ നിന്നും മോചിതമാകാനും സ്വയംഭരണസംവിധാനം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നു. ജനാധിപത്യ സങ്കല്പത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വയം നിർണ്ണയാവകാശമുള്ള അക്കാദമിക് സങ്കല്പത്തിന്റെ മൂർത്തരൂപമെന്ന നിലയാലാണ് സ്വയംഭരണ കോളജുകളെ കോത്താരി വിവക്ഷിച്ചിരുന്നത്.

ഏഴാം പഞ്ചവത്സര പദ്ധതിയുടെ അവസാനമാകുമ്പോഴേക്കും 500 സ്വയംഭരണ കോളജുകൾ സ്ഥാപിക്കണമെന്നു ലക്ഷ്യമിട്ടിരുന്നു. പക്ഷെ 150 ഓളം സ്വയംഭരണ കോളജുകൾ മാത്രമെ സ്ഥാപിക്കാനായുള്ളു. ഇത്തരം കോളജുകൾ ഏററവും കൂടുതൽ ഉണ്ടായത് തമിഴ്നാട്ടിലാണ്. അവിടെയുള്ള ഓട്ടോണമസ് കോളജുകളെപ്പററി യു.ജി.സി തന്നെ നടത്തിയ പഠനം ഈ സംവിധാനത്തിന്റെ പാളിച്ചകൾ വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. ഓട്ടോണമസ് സമ്പ്രദായത്തിൽ ഉണ്ടാകണമെന്നുദ്ദേശിച്ച അക്കാദമിക് നേട്ടങ്ങൾ കൈവരിക്കാനായില്ല എന്നുമാത്രമല്ല, ഈ സംവിധാനം നൽകിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്ന അനുഭവമാണ് പല കോളജുകളിലും ദർശിക്കാനായത്. പഠനവിഷയങ്ങളിൽ കാര്യമായ പരീക്ഷണങ്ങൾ ഉണ്ടായില്ല. ഉള്ളടക്കത്തിലും സവിശേഷമായ മാററങ്ങൾ ഉണ്ടായില്ല. മാററം പ്രധാനമായും കോമ്പിനേഷനുകളിൽ ആയിരുന്നു. അദ്ധ്യാപകനിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും മാനേജുമെന്റുകൾ കടുത്ത പക്ഷപാതിത്വമാണ് പാലിച്ചുവന്നത്. അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയും മാനേജുമെന്റു

### സ്വയംഭരണ കോളജുകളിൽ മാനേജർമാരുടെ സ്വയംഭരണം

നിലവിലുള്ള കേരള- കാലക്കററ് സർവ്വകലാശാലകളിലെ നിയമമനുസരിച്ച് യൂണിററി മാനേജുമെന്റുകളുടെ ഗവേണിംഗ് ബോഡിയിലും കോർപ്പറേററ് മാനേജുമെൻറുകളുടെ മാനേജിംഗ് കൗൺസിലുകളിലും തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥി പ്രതിനിധികൾ ഉണ്ട്. പുതിയ നിയമപ്രകാരം ഇത്തരം സമിതികളിൽ അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാവില്ല. പകരം മാനേജർമാർക്കുവേണ്ടി മാനേജർമാർ തന്നെ നോമിനേററു ചെയ്യുന്ന 3 പേർ വീതം ഈ സമിതികളിലുണ്ടാവും. പങ്കാളിത്ത ഭരണമെന്ന ആധുനിക ജനാധിപത്യ മാനേജ്മെന്റ് സമ്പ്രദായം പുതിയ നിയമത്തോടെ കോളജുതലത്തിൽ പഴങ്കഥയായി മാറും.

പുതിയ ഭരണസംവിധാനത്തിൽ നിലവിൽ വരുന്ന സ്വാശ്രയ- സ്വയംഭരണ കോളജുകളിൽ അക്കാദമിക് സ്വയംഭരണത്തിനു പകരം മാനേജർമാരുടെ സ്വയംഭരണമാവും നടപ്പിലാവുക.

സൃഷ്ടിക്കുമെന്നും അക്കാദമിക് നിലവാരം തകർക്കും എന്നുമാണ് അവരുടെ നിഗമനം. ഇത്തരത്തിലുള്ള കാഴ്ചപ്പാടുകൾ ജനാധിപത്യത്തിന്റെ നിലനില്പിനുതന്നെ ഭീഷണിയാവില്ലേ എന്ന പ്രശ്നം ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്നത് രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. വിദ്യാഭ്യാസ രംഗത്തുനിന്ന് രാഷ്ട്രീയത്തെ അകററി നിർത്തുകയല്ല, മറിച്ച് രാഷ്ട്രീയത്തെ കൂടുതലായി വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെടുത്തുകയാണ് ജനാധിപത്യ സമൂഹത്തിൽ രാഷ്ട്രീയത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ ഉള്ള മാർഗമെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നോമിനേഷൻ സമ്പ്രദായത്തിലൂടെ നിലവിൽ വരുന്ന, "അക്കാദമിക് രാഷ്ട്രീയം" അക്കാദമിക് തലത്തെയും രാഷ്ട്രീയത്തെയും ഒരുപോലെ ദുഷിപ്പിക്കുമെന്നും മനസ്സിലാക്കേണ്ടതുണ്ട്.

## സ്വയംഭരണ കോളജുകളും സ്വാശ്രയ വിദ്യാഭ്യാസവും

ജനാധിപത്യഭരണക്രമങ്ങൾ ഇപ്പോൾ നിലവിലുള്ള സർവ്വകലാശാലാസമിതികളെ പിരിച്ചുവിട്ട് യൂണിവേഴ്സിററികളുടെ സ്വയംഭരണം അട്ടിമറിക്കാൻ ശ്രമിക്കുന്ന സർക്കാർ, ജനാധിപത്യ ഭരണസംവിധാനങ്ങൾ ഒന്നും നിലവിലില്ലാത്ത സ്വകാര്യ കോളജുകൾക്ക് സമ്പൂർണ്ണ സ്വയംഭരണാവകാശം നൽകാനാണ് ഏകീകൃത നിയമത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. വ്യക്തമായ ചില അക്കാദമിക് ലക്ഷ്യങ്ങളോടെയാണ് കോത്താരി കമ്മീഷൻ അക്കാദമിക് സ്വയംഭരണമെന്ന സങ്കല്പം മുന്നോട്ടുവച്ചത്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സർഗപ്രതിഭ പരമാവധി വികസിപ്പിക്കാൻ ഉതകുന്ന അക്കാദമിക് സ്വാതന്ത്ര്യത്തെക്കുറിച്ചാണ് കോത്താരി സ്വപ്നം കണ്ടത്. വിശാലമായ ദേശീയ കാഴ്ചപ്പാടിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുതന്നെ പ്രാദേശിക ആവശ്യങ്ങൾ കണ്ടറിഞ്ഞ് പാഠ്യവിഷയങ്ങളും പഠനരീതികളും ഭരണസമ്പ്രദായങ്ങളും നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യവും കോളജുകൾക്കുണ്ടാകണമെന്ന് കമ്മീഷൻ ഉദ്ദേശിച്ചിരുന്നു. വികസനത്തിനു വെമ്പുന്ന ഒരു രാജ്യത്ത് അനാവശ്യമായ കാലതാമസങ്ങൾ ഒഴിവാക്കാനും ഭരണപരമായ നൂലാമാലകളിൽ നിന്നും അഴിമതികളിൽ നിന്നും മോചിതമാകാനും സ്വയംഭരണസംവിധാനം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നു. ജനാധിപത്യ സങ്കല്പത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വയം നിർണ്ണയാവകാശമുള്ള അക്കാദമിക് സങ്കല്പത്തിന്റെ മൂർത്തരൂപമെന്ന നിലയാലാണ് സ്വയംഭരണ കോളജുകളെ കോത്താരി വിവക്ഷിച്ചിരുന്നത്.

ഏഴാം പഞ്ചവത്സര പദ്ധതിയുടെ അവസാനമാകുമ്പോഴേക്കും 500 സ്വയംഭരണ കോളജുകൾ സ്ഥാപിക്കണമെന്നു ലക്ഷ്യമിട്ടിരുന്നു. പക്ഷെ 150 ഓളം സ്വയംഭരണ കോളജുകൾ മാത്രമെ സ്ഥാപിക്കാനായുള്ളൂ. ഇത്തരം കോളജുകൾ ഏററവും കൂടുതൽ ഉണ്ടായത് തമിഴ്നാട്ടിലാണ്. അവിടെയുള്ള ഓട്ടോണമസ് കോളജുകളെപ്പററി യു.ജി.സി തന്നെ നടത്തിയ പഠനം ഈ സംവിധാനത്തിന്റെ പാളിച്ചകൾ വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. ഓട്ടോണമസ് സമ്പ്രദായത്തിൽ ഉണ്ടാകണമെന്നുദ്ദേശിച്ച അക്കാദമിക് നേട്ടങ്ങൾ കൈവരിക്കാനായില്ല എന്നുമാത്രമല്ല, ഈ സംവിധാനം നൽകിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്ന അനുഭവമാണ് പല കോളജുകളിലും ദർശിക്കാനായത്. പഠനവിഷയങ്ങളിൽ കാര്യമായ പരീക്ഷണങ്ങൾ ഉണ്ടായില്ല. ഉള്ളടക്കത്തിലും സവിശേഷമായ മാററങ്ങൾ ഉണ്ടായില്ല. മാററം പ്രധാനമായും കോമ്പിനേഷനുകളിൽ ആയിരുന്നു. അദ്ധ്യാപകനിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും മാനേജുമെന്റുകൾ കടുത്ത പക്ഷപാതിത്വമാണ് പാലിച്ചുവന്നത്. അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയും മാനേജുമെന്റു

### സ്വയംഭരണ കോളജുകളിൽ മാനേജർമാരുടെ സ്വയംഭരണം

നിലവിലുള്ള കേരള- കാലക്കററ് സർവ്വകലാശാലകളിലെ നിയമമനുസരിച്ച് യൂണിററി മാനേജുമെന്റുകളുടെ ഗവേണിംഗ് ബോഡിയിലും കോർപ്പറേററ് മാനേജുമെൻറുകളുടെ മാനേജിംഗ് കൗൺസിലുകളിലും തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥി പ്രതിനിധികൾ ഉണ്ട്. പുതിയ നിയമപ്രകാരം ഇത്തരം സമിതികളിൽ അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാവില്ല. പകരം മാനേജർമാർക്കുവേണ്ടി മാനേജർമാർ തന്നെ നോമിനേററു ചെയ്യുന്ന 3 പേർ വീതം ഈ സമിതികളിലുണ്ടാവും. പങ്കാളിത്ത ഭരണമെന്ന ആധുനിക ജനാധിപത്യ മാനേജ്മെന്റ് സമ്പ്രദായം പുതിയ നിയമത്തോടെ കോളജുതലത്തിൽ പഴങ്കഥയായി മാറും.

പുതിയ ഭരണസംവിധാനത്തിൽ നിലവിൽ വരുന്ന സ്വാശ്രയ - സ്വയംഭരണ കോളജുകളിൽ അക്കാദമിക് സ്വയംഭരണത്തിനു പകരം മാനേജർമാരുടെ സ്വയംഭരണമാവും നടപ്പിലാവുക.

കൾ അകാരണമായി പീഡിപ്പിക്കുന്ന അനുഭവങ്ങളുമുണ്ടായി.

യു.ജി.സി. വിഭാവനം ചെയ്തിട്ടുള്ളതിലും മോശമായ ഒരു സ്വയംഭരണ സംവിധാനമാണ് ധവളപത്രത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. സ്വയംഭരണ കോളജുകൾ കാലക്രമേണ സ്വാശ്രയ കോളജുകളായി മാറേണ്ടിവരുമെന്നതാണ് ദേശീയതലത്തിലെ സ്വയംഭരണ സങ്കല്പവും ആന്റണി ഗവൺമെന്റിന്റെ സ്വയംഭരണ സങ്കല്പവും തമ്മിലുള്ള വ്യത്യാസം. സ്വകാര്യ കോളജുകളിൽ ഇന്നു നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് സ്വാശ്രയ കോഴ്സുകൾ നടത്തി ലാഭമുണ്ടാക്കാൻ മാനേജുമെന്റുകൾക്ക് അവസരം നൽകുന്നതിനുവേണ്ടി അവതരിപ്പിക്കപ്പെട്ടതാണ് ധവളപത്രത്തിലെ 'സ്വാശ്രയസ്വയം ഭരണം' എന്ന സങ്കല്പം. സമൂഹത്തിൽ നിന്നും പിരിവെടുത്തും സർക്കാരിന്റെ ധനസഹായത്തോടു കൂടിയും പടുത്തുയർത്തിയ പൊതുസ്ഥാപനങ്ങളാണ് കേരളത്തിലെ 'സ്വകാര്യ' കോളജുകൾ. സ്വകാര്യ കോളജു മാനേജർമാർ ഈ പൊതുസ്വത്തിന്റെ നാമമാത്ര അവകാശികൾ മാത്രമാണ്. പൊതുസ്വത്ത് സ്വകാര്യവ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ഇഷ്ടദാനമായി നൽകാനുള്ള ഒരു പദ്ധതിയും ഏകീകൃത നിയമത്തിലൂടെ അവതരിപ്പിക്കപ്പെടുകയാണ്.

## സ്വകാര്യ കോളജുകളുടെ ഭരണസംവിധാനം: ബംഗാൾ മോഡൽ

കൽക്കട്ട യൂണിവേഴ്സിററിയുടെ കീഴിലുള്ള സ്വകാര്യ കോളജുകളുടെ ഗവേണിംഗ് ബോഡികളിൽ കോളജിനു വേണ്ടി ധനസഹായം നൽകിയവരിൽ നിന്നും വൈസ്ചാൻസിലർ നോമിനേററു ചെയ്യുന്ന രണ്ടു പ്രതിനിധികൾ മാത്രമാണ് മാനേജ്മെന്റിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നത്. ശേഷിക്കുന്നവർ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു. താഴെപ്പറയുന്നവരടങ്ങുന്നതാണ് ഗവേണിംഗ് ബോഡി

1. പ്രിൻസിപ്പൽ
2. തിരഞ്ഞെടുക്കപ്പെട്ട 4 അദ്ധ്യാപക പ്രതിനിധികൾ
3. തിരഞ്ഞെടുക്കപ്പെട്ട 2 അനദ്ധ്യാപക പ്രതിനിധികൾ
4. സംസ്ഥാന ഗവൺമെന്റ് നോമിനേററു ചെയ്യുന്ന രണ്ടുപേർ. (ഒരാളെങ്കിലും വിദ്യാഭ്യാസ വിചക്ഷണൻ ആയിരിക്കണം).
5. സിൻഡിക്കേററ് നാമനിർദ്ദേശം ചെയ്യുന്ന 2 പേർ.
6. കോളജ് യൂണിയൻ ജനറൽ സെക്രട്ടറി/തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിപ്രതിനിധി.
7. കോളജിനുവേണ്ടി നിശ്ചിത തുകയിലധികം സംഭാവനചെയ്തിട്ടുള്ളവരിൽ നിന്നും വൈസ്ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന 2 പേർ.
8. ഒന്നുമുതൽ 7 വരെ വിഭാഗങ്ങളിൽ പെടുന്നവർ ചേർന്ന് തങ്ങളിൽ നിന്നോ പുറത്തുനിന്നോ തിരഞ്ഞെടുക്കുന്ന പ്രസിഡന്റ്.

## സാമൂഹ്യനീതിയും ഗുണമേന്മയും തകരും

അറിവിന്റെ പുത്തൻ യുഗത്തിൽ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിൽ വിദ്യാഭ്യാസത്തിന് സവിശേഷമായ പങ്കുണ്ട്. കാർഷിക വിപ്ളവകാലഘട്ടത്തിൽ ഭൂമിക്കും വ്യാവസായിക വിപ്ലവത്തോടെ അസംസ്കൃത സാധനങ്ങൾക്കും ഉണ്ടായിരുന്ന സ്ഥാനമാണ് ആധുനിക യുഗത്തിൽ അറിവിനു കൈവന്നിട്ടുള്ളത്. വിദ്യാഭ്യാസത്തിന്റെ സാർവത്രീകരണത്തിലൂടെ മാത്രമെ പുരോഗതി കൈവരിക്കാനാവൂ എന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെടുന്നുണ്ട്. 90-കളിൽ സ്ക്കൂൾ വിദ്യാഭ്യാസത്തെയും ഉന്നതവിദ്യാഭ്യാസത്തെയും വ്യത്യസ്ഥ ശ്രേണികളാക്കി തരംതിരിച്ചുകൊണ്ട് ഒന്നിനെ മറെറാന്നിന്റെ ശത്രുവായി ചിത്രീകരിക്കുന്ന സമീപനമാണ് ലോകബാങ്ക് സ്വീകരിച്ചിരുന്നതെങ്കിൽ, ഇന്ന് അവ പരസ്പര പൂരകങ്ങളാണെന്ന് ലോകബാങ്കിനുതന്നെ അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. 2002-ൽ പ്രസിദ്ധീകരിച്ച ലോകബാങ്കിന്റെ ടാസ്ക് ഫോഴ്സ് റിപ്പോർട്ടിൽ (Constructing Knowledge Societies: New Challenges for Tertiary Education) മൂന്നാംലോക രാജ്യങ്ങളിലെ ദാരിദ്ര്യനിർമ്മാർജനത്തിനും സാമ്പത്തിക സാമൂഹ്യ വികസനത്തിനും ഉന്നതവിദ്യാഭ്യാസത്തിന്റെ സാർവത്രീകരണം അനിവാര്യമാണെന്ന് അടിവരയിട്ടു പറഞ്ഞിട്ടുണ്ട്.

കേരളത്തിന്റെ വികസനത്തിൽ വിദ്യാഭ്യാസത്തിനു വിശേഷമായ പങ്കുവഹിക്കാൻ കഴിയും. കേരളത്തിൽ രണ്ടു നൂററാണ്ടുകളായി നിലനിന്നു പോരുന്ന

സാമൂഹിക നീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിനും വിദേശ മലയാളികളിലൂടെ ഇവിടേക്ക് ഒഴുകിയെത്തുന്ന സമ്പത്തിനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഭൗതിക മൂലധനവും അസംസ്കൃത സാധനങ്ങളും വളരെ കുറഞ്ഞ തോതിൽ മാത്രം ലഭ്യമായ കേരളത്തിൽ വൻകിട വ്യവസായങ്ങൾക്കുള്ള സാധ്യത തുലോം വിരളമാണ്. ഉയർന്ന ജനസാന്ദ്രതയും അതിനേക്കാൾ ഉയർന്ന ഭൂമിയുടെ വിലയും വൻകിട വ്യവസായങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ അല്ല ഒരുക്കുന്നത്. അറിവിനെ അടിസ്ഥാനമാക്കിയുള്ള അത്യന്താധുനിക വ്യവസായങ്ങൾക്കും സേവനങ്ങൾക്കും കേരളത്തിൽ ഏറെ സാധ്യതയുണ്ട്. ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസ വികസനത്തിനുള്ള സവിശേഷ പ്രാധാന്യം മനസ്സിലാക്കേണ്ടത്. സ്ക്കൂൾതലത്തിൽ നിലവിലുള്ള സാർവത്രിക പ്രവേശന നിലവാരം നിലനിർത്തുകയും ഉന്നതവിദ്യാഭ്യാസരംഗത്ത് നിലവിലുള്ള 10% പ്രവേശന നിരക്കിൽ നിന്നും ഒരു കുതിച്ചുചാട്ടത്തിലൂടെ 20%ത്തിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് കേരള വികസനത്തിന്റെ അടിസ്ഥാനപരമായ ആവശ്യമാണ്.

ഏകീകൃത സർവ്വകലാശാലാ നിയമത്തിലൂടെ സ്വാശ്രയ സ്ഥാപനങ്ങൾക്ക് പച്ചക്കൊടികാട്ടിയാൽ മാത്രം ഇത്തരമൊരു ആവശ്യം നിറവേററാമെന്ന വ്യാമോഹം അസ്ഥാനത്താണ്. സ്ക്കൂൾതലത്തിൽ പരിഷ്ക്കാരങ്ങൾ നൽകുന്ന അനുഭവപാഠമിതാണ്. സ്വാശ്രയ വിദ്യാലയങ്ങൾ എയിഡഡ് വിദ്യാലയങ്ങൾക്ക് താങ്ങാവുകയല്ല, മറിച്ച് അവയെ തളർത്തുകയാണ് ചെയ്തത്. എയിഡഡ്/സർക്കാർ സ്ക്കൂളുകളെ സ്വാശ്രയ സ്ക്കൂളുകൾ അനാദായകരമാക്കി മാററിയതുപോലെ സ്വാശ്രയ കോളജുകളും കോഴ്സുകളും എയിഡഡ് കോളജുകളെയും കോഴ്സുകളെയും അനാദായകമാക്കി മാററുന്നകാലം താമസിയാതെ വന്നുചേരും. ഒരു വലിയ ശതമാനം വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസരംഗത്തുനിന്നും അകററിനിർത്താൻ മാത്രമെ ഈ പരിഷ്ക്കാരം കൊണ്ടു സാധിക്കുകയുള്ളു. പഠിക്കാൻ അവസരങ്ങൾ ഉണ്ടായാൽ മാത്രം പോരാ. അവസരങ്ങൾ പ്രയോജനപ്പെടുത്താനുള്ള സാമ്പത്തികശേഷിയും വേണം. 25%ത്തിൽ അധികം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന കേരളത്തിൽ വിദ്യാഭ്യാസത്തെ സമ്പൂർണ്ണ സ്വാശ്രയത്വം വിനാശത്തിലേക്കുള്ള വഴിയാണ്.

ഏകീകൃത സർവ്വകലാശാലാ നിയമത്തിലൂടെ ഉന്നതവിദ്യാഭ്യാസരംഗത്തു കൂടുതൽ ഗുണമേന്മ കൈവരിക്കാനാവുമെന്ന വാദവും അപ്രസക്തമാണ്. പരീക്ഷകൾ സമയബന്ധിതമായി നടത്താൻ സർവ്വകലാശാലാ നിയമങ്ങൾ ഏകീകരിക്കണമെന്നാണ് ഒരു വാദം. പരീക്ഷകൾ സമയബന്ധിതമായി നടക്കുന്നില്ല എന്നതു ശരിതന്നെ. പക്ഷെ ഏകീകരണം ഇതിനു പരിഹാരമാവുകയില്ല. എന്നുമാത്രമല്ല, പ്രശ്നം കൂടുതൽ സങ്കീർണ്ണമാവുകയെ ഉള്ളു. ഭരണസംവിധാനങ്ങൾ കൂടുതൽ വികേന്ദ്രീകരിച്ചുകൊണ്ടു മാത്രമെ ഇതിനു പരിഹാരം കാണാനാവൂ. ഏകീകരണത്തിലൂടെ സ്വാശ്രയ സമ്പ്രദായം വ്യാപകമാകുമ്പോൾ, വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയെയും അത് ദോഷകരമായി ബാധിക്കും. മാർക്കററിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് കോഴ്സുകൾ രൂപകല്പന ചെയ്യുന്ന സംവിധാനത്തിൽ സുസ്ഥിരമായ ഗുണമേന്മയെക്കുറിച്ചുള്ള സങ്കല്പങ്ങൾക്കു തന്നെ പ്രസക്തിയില്ലാതാകും. മാറിമാറിവരുന്ന വ്യത്യസ്ഥ സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള മാനസികാവസ്ഥയും കഴിവുകളും വികസിപ്പിക്കത്തക്കവിധത്തിൽ അറിവും നൈപുണ്യവും നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനു പകരം പ്രത്യേക ജോലികൾക്കു വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന വേദികളായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറുന്ന അവസ്ഥ സംജാതമാകും. അടിസ്ഥാന വിഷയങ്ങളുടെ പഠനവും ഗവേഷണവും പാടെ അവഗണിക്കപ്പെടും. പ്രത്യക്ഷത്തിൽ ലാഭം നൽകാൻ കഴിയാത്ത ശാസ്ത്ര-സാമൂഹ്യ-ഭാഷാ വിഷയങ്ങളുടെ പഠനത്തിലുണ്ടാകുന്ന അലംഭാവം ദൂരവ്യാപകമായ ദോഷഫലങ്ങൾ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഉണ്ടാകും.

ഉന്നതവിദ്യാഭ്യാസരംഗത്ത് ഏകീകരണമെന്ന ആശയത്തിനുതന്നെ പ്രസക്തിയില്ല. പ്രാദേശിക ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിന് ഓരോ യൂണിവേഴ്സിററിയും അതിന്റെ പ്രത്യേക അന്തസത്ത നിലനിർത്തേണ്ടതുണ്ട്. ഇത്തരമൊരു സാദ്ധ്യതയ്ക്ക് കോട്ടം വരുത്താൻ മാത്രമെ സമ്പൂർണ്ണ ഏകീകരണത്തിലൂടെ സാദ്ധ്യമാവൂ. വിവിധ യൂണിവേഴ്സിററി നിയമങ്ങളിൽ അവശ്യം വേണ്ടുന്ന സമാനത കൈവരിക്കാൻ ഏകീകൃത നിയമത്തിന്റെ ആവശ്യമില്ല. നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ മാററങ്ങൾ വരുത്തിയാൽ മാത്രം മതിയാകും.

## മാററങ്ങൾ എങ്ങനെ? ഏതു ദിശയിൽ?

1974-ലെ കേരള യൂണിവേഴ്സിററി നിയമവും 1975-ലെ കോഴിക്കോടു സർവ്വകലാശാലാനിയമവും മാററങ്ങൾ ഒന്നും കൂടാതെ നിലനിൽണമെന്ന് വിദ്യാഭ്യാസ രംഗവുമായി പുലബന്ധം പോലുമുള്ളവർ പറയുകയില്ല. തർക്കം മാററങ്ങൾ വേണമോ വേണ്ടയോ എന്നതിലല്ല. മാററങ്ങളുടെ രൂപവും ഭാവവും എന്തായിരിക്കണമെന്നും അവ എങ്ങനെ നടപ്പാക്കാം എന്ന

## ഏകീകൃത യൂണിവേഴ്സിറ്റി നിയമം: ഐഫക്ടോ അപലപിക്കുന്നു

2003 മെയ് 25-ാം തീയതി ഗുവാഹത്തിയിൽ ചേർന്ന AIFUCTOയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച പ്രമേയത്തിന്റെ പൂർണ്ണരൂപം ചുവടെ:

This meeting of the National Executive Committee of the All India Federation of University And College Teachers, Organizations (AIFUCTO) held at Guwahati on 25-5-2003 strongly condemns the move by the Govt. of Kerala to accelerate the process of privatisation and commercialization of higher education in the state by de-democratising the university administration through the Unified Universities Act proposed to be introduced in the next session of the Assembly. The meeting unanimously calls upon all democratic forces to oppose the move, both within and out side the Assembly.

തിനെക്കുറിച്ചുമാണ്. ഏകപക്ഷീയമായി യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള ജനാധിപത്യ സംവിധാനങ്ങളും സ്വയംഭരണവും അട്ടിമറിച്ചുകൊണ്ട് അഫിലിയേറ്റിംഗ് സമ്പ്രദായത്തെ സമ്പൂർണ്ണമായി തകർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ നീക്കം ഉന്നത വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ നിലവിലുള്ള പരിമിതമായ സാമൂഹ്യനീതിയും ഗുണമേന്മയും ഇല്ലാതാക്കും എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഏകീകൃതനിയമത്തിനെതിരെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും പ്രക്ഷോഭവുമായി രംഗത്തെത്തിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ സുതാര്യമായി നടപ്പാക്കാൻ ഒരു ജനാധിപത്യ സർക്കാരിനു ബാധ്യതയുണ്ട്. പരിഷ്ക്കാരങ്ങളുടെ പരിണിതഫലങ്ങളെക്കുറിച്ച് ആഴത്തിലുള്ള പഠനവും ചർച്ചയും നടത്താനുള്ള ബാധ്യതയും സർക്കാരിനുണ്ട്. ഇതിനൊന്നും തയ്യാറാകാതെ താൽക്കാലിക സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങൾ തേടി നിയമനിർമ്മാണ പ്രക്രിയയുമായി സർക്കാർ മുന്നോട്ടു പോയാൽ അതിനെതിരെ ശക്തമായ പ്രതിരോധം സംഘടിപ്പിച്ചു ചെറുത്തുനിൽക്കാനുള്ള ബാധ്യത പ്രബുദ്ധ കേരളം ഏറ്റെടുക്കുക തന്നെ ചെയ്യും.

Cabinet decision to introduce United Universities Act in Assembly

## AKPCTA alleges nexus between Govt and communal forces

Express New Service

Kochi, May 21: The All Kerala Private College Teachers' Association (AKPCTA) has alleged that the decision to introduce the United Universities Act in the ensuing session of the Assembly is a fallout of the alleged nexus between the UDF Government and communal and commercial forces active in the education sector.

In a joint statement issued here today, AKPCTA president Thomas Joseph and general secretary A. Prathapachandran Nair said that the draft Bill was aimed at destabilising the universities and depriving them of the academic, administrative and financial powers being enjoyed by them. The proposal to enhance the powers of pro-chancellor and the provisions relating to prior concurrence of the Government in making decisions, which have financial implications for the Government, will impinge on the autonomy of the universities.

The total freedom given by the Act to universities to raise and spend money on their own in this context is only an open invitation to commercialise higher education, they said.

According to the AKPCTA leaders, the provisions for starting unaided and autonomous colleges contemplate unbridled freedom to private entrepreneurs and communal forces in education. Even the namesake representation of teachers, non-teaching staff and students to the governing bodies of private colleges have been done away with to ensure utmost secrecy in the decision making process.

The draft proposal has reduced the representation of teachers and students in university bodies to insignificant levels which that of managements have been kept; intact, they pointed out.

"The absence of details relating to qualification and conditions of service of teachers in unaided colleges in the draft is deliberate. It is intended to give market forces a free hand to exploit the work force. The irony lies in the fact that the Government still talks about quality enhancement in higher education as one of the objectives of the Bill.

The underpaid, underqualified teachers in mushrooming unaided colleges, under the control of unfettered managers, will create a negative impact on the excellence in higher education sector", the statement said.

Thomas Joseph and Prathapchandran Nair warned that the AKPCTA would launch an intensive propagation and agitation against the proposed legislation as soon as the colleges reopen after the summer holidays.

The state council of the association which is slated to meet in the first week of next month will chalk out the details of agitations, they added.

# അടിയന്തിര പ്രമേയം

സർവ്വകലാശാലകളുടെ സ്വയംഭരണവും ജനാധിപത്യസ്വഭാവവും നശിപ്പിക്കുന്ന നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാല നിയമം നടപ്പാക്കുന്നതുമൂലം ഉന്നതവിദ്യാഭ്യാസരംഗത്ത് ഉളവായിട്ടുള്ള ഗുരുതരമായ അവസ്ഥ കണക്കിലെടുത്ത് സെനററിന്റെ ഇതരനടപടികൾ നിർത്തിവച്ച് അടിയന്തരമായി ഈ വിഷയം ചർച്ച ചെയ്യണമെന്നും, സർക്കാർ ഈ നടപടിയിൽ നിന്നും പിൻതിരിയണമെന്നും, എം.ജി.സർവ്വകലാശാല സെനററിന്റെ 27-5-2003ന് കൂടിയ യോഗം ആവശ്യപ്പെട്ടു. വി.സി. ആന്റണി അവതരിപ്പിച്ച അടിയന്തരപ്രമേയം, ജെയിംസ് ഫിലിപ്പ് പിൻതാങ്ങി. തുടർന്നു നടന്ന ചർച്ചകൾക്കുശേഷം സെനററ് യോഗം അടിയന്തരപ്രമേയം ഐക്യകണ്ഠേന പാസ്സാക്കി.

സൈമൺ ബ്രിട്ടോ, പ്രൊഫ.സി. എ. തോമസ് ( എ.കെ.പി.സി.ടി. എ), വി. ആർ. അയ്യപ്പൻപിള്ള ( എ.കെ.ജി.സി.ടി.), പി. എം.പ്രെററി ( എസ്. എഫ്. ഐ.) , കെ. ആർ.ശങ്കരൻകുട്ടി ( എം.ജി.സർവ്വകലാശാല എംപ്ളോയീസ് അസോസിയേഷൻ) തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ട്സുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് 5-ാം തീയതിയ്ക്ക് മുമ്പായി അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിററിൽ നിന്നോ ലഭിക്കുന്നതാണ്.

ചീഫ് എഡിറററുടെ വിലാസം:
**എസ്. ജയരാജ് കുമാർ,**
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011
(ഫോൺ - 0471-2440004)

മാനേജിംഗ് എഡിറററുടെ വിലാസം:
**വി. ജയകുമാർ**
ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരു- 695018
(ഫോൺ - 0471-2491432)

ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ
തിരുവനന്തപുരം - 695 035, ഫോൺ - 0471-463494, Fax: 0471-468984. e-mail:akpcta@eth.net

## സർവ്വീസ് രംഗത്ത്

**?** 6 വർഷത്തെ കേന്ദ്രഗവൺമെന്റ് സർവ്വീസിനു ശേഷം സ്വകാര്യകോളജ് അദ്ധ്യാപകനായി 23 വർഷം സേവനം അനുഷ്ഠിച്ച് ഞാൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. കേന്ദ്ര ഗവൺമെന്റ് സർവ്വീസ് കണക്കിലെടുക്കാതെയാണ് എന്റെ പെൻഷൻ അനുവദിച്ചിരിക്കുന്നത്. ആ കാലഘട്ടം കൂടി പെൻഷന് പരിഗണിക്കാൻ വ്യവസ്ഥയുണ്ടോ?

*വാസുദേവൻ നമ്പൂതിരി, പട്ടാമ്പി*

**=** സ്വകാര്യകോളജ് സർവ്വീസിൽ എത്തുന്നതിനുമുമ്പ് കേന്ദ്രഗവൺമെന്റ് സർവ്വീസിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള പക്ഷം, അതു കൂടി ചേർത്ത് പെൻഷൻ ആനുകൂല്യം കണക്കാക്കാൻ ചില വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. (G.O.(P)No.703/02/Fin dated 12-11-2002). പ്രസ്തുത ഉത്തരവിലെ പ്രസക്തഭാഗം താഴെ കൊടുക്കുന്നു.

"Government have examined the matter in detail and are pleased to order that the employees of the State Government departments who left the former service in Central Government/ Central Public Sector undertakings on their own volition for taking up appointment in State Government Departments will be allowed to reckon their prior service for all pensionary benefits along with the service in the State Government Departments if the former employer remits the share of proportionate prorata pensionary liability on a service share basis.

These orders will take effect including monetary, benefit, only from the date of this order and individual cases otherwise settled will not be reopened".

നിങ്ങൾ പെൻഷൻ പററിയ തീയതി 12-11-2002നു ശേഷമാണെങ്കിൽ മാത്രമേ പ്രസ്തുത ഉത്തരവിന്റെ പ്രയോജനം കിട്ടുകയുള്ളു.

**?** വെക്കേഷൻ സമയത്ത് refresher courseന് പോകുന്ന കാലയളവ് duty ആയി പരിഗണിച്ച് earned leaveന് അർഹത നേടാൻ കഴിയുമോ?

*ഹരികുമാർ, കോട്ടയം*

**=** വെക്കേഷൻ സമയത്ത് refresher courseന് പോകുന്ന പ്രൈവററ് കോളജ് അദ്ധ്യാപകർക്ക് ആ കാലയളവ് വെക്കേഷൻ ഡ്യൂട്ടിയായി പരിഗണിച്ച് earned leaveന് അർഹത നേടാം. ഈ ഉത്തരവിന് 18-11-96 മുതൽ പ്രാബല്യം ഉണ്ട്. G.O.(Rt)No.1369/96/H.Edn dated 18-11-96.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.

**പ്രൊഫ. ടി.എൻ. മനോഹരൻ**
വടയക്കാട് ഹൗസ്, കുന്നുകുഴി പി.ഒ., തിരുവനന്തപുരം

# ശമ്പളം നൽകാത്തതിൽ കോളജ് അധ്യാപകർ പ്രതിഷേധിച്ചു




കോളജ് അധ്യാപകരുടെ ഏപ്രിൽ-മെയ് മാസങ്ങളിലെ ശമ്പളം തടഞ്ഞുവച്ച എറണാകുളം കോളജിയററ് ഡപ്യൂട്ടി ഡയറക്ടറുടെ നടപടിയിൽ പ്രതിഷേധിച്ച് ഡയറക്ടറുടെ ആഫീസിനു മുന്നിൽ എ.കെ.പി.സി.ടി.എ. പ്രവർത്തക സമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ചും 5-6-2003ന് പ്രതിഷേധയോഗവും നടത്തി.

ചേർത്തല എൻ.എസ്. എസ്.കോളജിലെ മുഴുവൻ അധ്യാപകരുടേയും ശമ്പളം കഴിഞ്ഞ രണ്ടു മാസങ്ങളായി കാരണങ്ങൾ ഒന്നുമില്ലാതെ തടഞ്ഞുവച്ചിരിക്കുകയാണ്. ശമ്പള ബില്ലുകൾ പാസ്സാക്കത്തതിന്റെ കാരണം അന്വേഷിക്കാൻ ചെന്ന കോളജ് പ്രിൻസിപ്പലിനേയും അധ്യാപകരേയും ഡയറക്ടർ ഓഫീസിലെ ജീവനക്കാർ തടഞ്ഞുവയ്ക്കുകയും അപമര്യാദയായി പെരുമാറുകയും ചെയ്തു. ശമ്പള ബില്ലുകൾ പാസ്സാക്കണമെന്നും തടഞ്ഞുവച്ച ശമ്പളം ഉടൻ ലഭ്യമാക്കണമെന്നും അധ്യാപകരെ കൈയ്യേററം ചെയ്യാൻ ശ്രമിച്ച ജീവനക്കാർക്കെതിരെ ശക്തമായ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് അധ്യാപകർ മാർച്ചും പ്രതിഷേധ യോഗവും നടത്തിയത്.

പ്രതിഷേധയോഗം എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. പ്രൊഫ.പി.രഘുനാഥ്, പ്രൊഫ. എം.പി.വിജയലക്ഷ്മി എന്നിവർ പ്രസംഗിച്ചു. പ്രൊഫ.സി.സലിംകുമാർ ആധ്യക്ഷം വഹിച്ചു. പ്രൊഫ. വി.സി.ആന്റണി സ്വാഗതവും പ്രൊഫ. എസ്.വേണു നന്ദിയും രേഖപ്പെടുത്തി. പ്രൊഫ.പി.കെ.പത്മകുമാർ, പ്രൊഫ. ആർ. ഇന്ദുലാൽ, പ്രൊഫ.സി.ശ്രീകുമാർ, പ്രൊഫ.പി.കെ.സുരേഷ്ബാബു, പ്രൊഫ. എൻ.രാമചന്ദ്രൻ തുടങ്ങിയവർ പ്രകടനത്തിനു നേതൃത്വം നൽകി.

## ആദരാഞ്ജലികൾ



ഫാറൂഖ് കോളജിലെ ഫിസിക്സ് അധ്യാപകനും എ.കെ.പി.സി.ടി. എയുടെ സജീവ പ്രവർത്തകനുമായിരുന്ന **പി.ടി. മൂസ്സക്കോയ (50)** കഴിഞ്ഞ മെയ് 5ന് പന്തിരങ്കാവിനടുത്തുവെച്ച് വാഹനാപകടത്തിൽ നിര്യാതനായി. എ.കെ.പി.സി.ടി. എയുടെ സ്റേററ് കൗൺസിൽ അംഗമായിരുന്നു.

കവിത

# ധന്യമീ നിനവുകൾ - മാത്രകൾ

വി.കെ. എൻ.കൈമൾ വൈക്കത്തില്ലം
ഡി.ബി.കോളജ്, തലയോലപ്പറമ്പ്

ഇവിടെ നാമൊക്കെയുമന്യരാകും
ഈ വഴിയും നമുക്കന്യമാകും
ഇവിടെ നാം പിന്നിട്ട നാളുകളോർമ്മയിൽ
മാരിവിൽക്കാവടിയാടിനിൽക്കും!
ഒരു മനസ്സായ്ക്കളം മാറിച്ചവുട്ടിയും
സ്വപ്നങ്ങളിൽ പുതുപുഷ്പങ്ങൾകോർത്തും
ഇഴപിരിയും വികാരത്തിന്റെ തന്ത്രിയിൽ
സ്വന്തമാം കാര്യത്തെ ഓമനിച്ചും
ഇന്നലെ ജീവിതം പങ്കിട്ട നമ്മളും
ഈ വഴിയും നമുക്കന്യമാകും!
രാപ്പകൽപ്പക്ഷികൾ തമ്മിലുരുമ്മി-
ക്കലണ്ടർ ദിനങ്ങളെ നിഷ്കരുണം
എന്തിനെന്നൽപവുമോരാതെ കൊക്കിനാൽ
കൊത്തിയെടുത്തു പറന്നുപോമെങ്കിലും
ഓർമ്മയിൽ ചെപ്പുകിലുക്കി നിമിഷങ്ങൾ
മുള്ളും മലരും തരംതിരിക്കും
എന്തോ തിരയുന്ന കൗതുകമെപ്പോഴും
സാക്ഷിയായ്ക്കൂടെയുണ്ടായിരിക്കും!
യാത്രയ്ക്കൊരുങ്ങുന്ന വേളയാണൊത്തിരി
ചൊല്ലുവാനുണ്ടെന്റെയുള്ളിലും ചുണ്ടിലും
നേരമില്ലൊക്കെക്കരുതിവയ്ക്കാം, പിന്നെ-
ക്കാണുന്ന വേളയിൽ വിസ്തരിക്കാം.
നെല്ലും പതിരും കലർന്നതാണൊക്കെയും
ആവില്ലെനിക്കു വില നിശ്ചയിക്കുവാൻ
അക്കാര്യമൊക്കെ,ക്കരുത്തനാം കാലമേ
നിൻകയ്യിലേക്കു പകർന്നിടുന്നു
നേട്ടങ്ങളായവ നിങ്ങൾക്കു നൽകട്ടെ
ബാക്കിവരുന്നതെൻ പേരിലാക്കാം!
ഇപ്പടിതാഴേക്കിറങ്ങി നീങ്ങട്ടെ ഞാൻ
മറ്റൊരു സോപാനമേറിനിൽക്കാൻ;
ആശംസ നൽകിയനുഗ്രഹം വാങ്ങുമീ
വേളതൻ ധന്യതമായുകില്ല!

Poem

# *Farewell*

**M.Devakumar**
*S.N.College, Sivagiri*

When March wasted 31 days
Professor Ghosh parted in silence and gloom;
A pilgrim late to start his voyage!
Time regrets
To stand and wait
For the man who sang
Shakespearean lines.

Caesar was reborn
And Cleopatra re-ravished;
Lady Macbeth re-failed to sweeten her little hands,
Othello re-murdered his mistress
And Prospero re-forgave his villians
In the glorious hours of Ghyoshian drama

Men and women
Who sat in the class room
Felt the truth;
He re-enacts the sparks of
Elizabethan England!

At last he bids farewell to the stage
And leaves home in his Gas Ambassador Car
His magic- stick, with all its majesty,
Lay desolate on his English table
For some unknown successor to possess!

The words of Hamlet
Haunts my mind
With an added sense of sorrow;
"The rest is silence"

* Prof. Ajaya Ghosh retired from S.N.College, Sivagiri, Varkala on 31-3-2003.

വാർത്താമദ്ധ്യം

# മാറാടിന്റെ തേങ്ങൽ

എം.എസ്.വസന്തകുമാർ
എസ്.എൻ.കോളജ്, കൊല്ലം

2002 ജനുവരിയിലും 2003 മേയിലും മാറാട് വാർത്തയായി. നവോത്ഥാന നായകരുടെ പരിലാളനമേററ് സാംസ്കാരിക സൗന്ദര്യം ഏററുവാങ്ങിയ കേരളത്തിൽ ആദ്യമായി വർഗ്ഗീയ കലാപകാരികൾ കൊമ്പുകൊരുത്ത സംഭവങ്ങളായിരുന്നു ആ രണ്ടുഘട്ടങ്ങളിൽ നടന്നത്.

അയിത്തവും മററ് അനാചാരങ്ങളും കൊണ്ട് ഒരിക്കൽ 'ഭ്രാന്താലയ'മായിരുന്ന കേരളം. 'നരകമിവിടമാണു ഹന്തകഷ്ടം' എന്ന മൊഴി അന്വർത്ഥമാക്കുന്ന ദുരവസ്ഥ ഇവിടെ ഉണ്ടായിരുന്നു. കടലാസിനെ 'കടുദാസ്' എന്ന് വിളിച്ച് വിദേശമ്ലേച്ഛവസ്തുവാക്കി നിയമപ്രകാരം വിലക്കിയ കാലവും ഈ കേരളത്തിൽ ഉണ്ടായിരുന്നു. മുലക്കരം പിരിച്ച നികൃഷ്ടപാരമ്പര്യവും പഴയ കേരളത്തിന്റെ നിയമാവലിയിൽ പെടും. അവർണ്ണർ തോളത്ത് രണ്ടാംമുണ്ടിട്ട് നടന്നാൽ, അവന്റെ കഴുത്തിൽ അത് കൊലക്കയറായി രൂപാന്തരം ചെയ്യിച്ചതും പത്തൊമ്പതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരളത്തിൽ തന്നെയായിരുന്നു.



ആദ്ധ്യാത്മിക ശോഭയുള്ള സാമൂഹ്യ പരിഷ്കരണശ്രമങ്ങളും പ്രചാരണങ്ങളും പ്രബോധനങ്ങളും പ്രക്ഷോഭണങ്ങളും മനുഷ്യസ്നേഹപരമായ പ്രത്യയശാസ്ത്ര സംസ്ഥാപനങ്ങളും വികാരപരമായ വിദ്യാഭ്യാസം നേടലും സമർപ്പിതസേവനങ്ങളും ത്യാഗങ്ങളും ദശാബ്ദങ്ങളിലൂടെ മിനുക്കിയെടുത്തതാണ് സാംസ്കാരിക ലാവണ്യംവഴിയുന്ന അധുനാതന കേരളം. ഒരു ചെറിയ താൽക്കാലിക തൊഴിലിനുപോലും വ്യവസ്ഥയുള്ള നില കേരളത്തിൽ ഇന്നലെവരെ ഉ



ണ്ടായിരുന്നു. വർഗീയകലാപം ഇവിടെ കേട്ടുകേഴ്വിയുള്ള കാര്യമായിരുന്നില്ല.

ആ കേരളത്തിൽ തന്നെയാണ് പതിനഞ്ച് മിനിട്ട് നീണ്ട അപ്രതീക്ഷിതമായ 'ഓപ്പറേഷൻ' നടന്നിരിക്കുന്നത്. ലോകത്തെവിടെയും ഭീകരപ്രവർത്തനത്തിന് നല്ല കാലാവസ്ഥ ഉണ്ട്. പ്രതിഫലത്തിന്വേണ്ടി ഒരു ചാവേർ ഭടനാകാൻ തുനിയുന്ന ആധുനിക യുവാവിന്റെ ഗതികെട്ട മുഖം ഇന്ന് സുലഭമാണ്. ലോകത്തെവിടെയും അംഗീകരിക്കപ്പെട്ട നീതിസംഹിതകൾ കാററിൽപറക്കുന്നു. കയ്യൂക്കുള്ളവന്റെ ദുരയും അധികാരപ്രമത്തതയും മറെറന്തിനെയും കയ്യടക്കുന്ന കാഴ്ച സുലഭമാകുന്നു. നൂററാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക പൈതൃകസമ്പത്ത് നിഷ്ക്കരുണം അഗ്നിക്കിരയാകുന്നത് ഇപ്പറഞ്ഞതിന് സാക്ഷ്യം. വായുവും വെള്ളവും കച്ചവടക്കാരുടെ ലാഭക്കൊയ്മയ്ക്കിരയാക്കുന്ന ഈ കെട്ടകാലത്ത് പരീക്ഷണവേദിയാകാൻ കേരളം വിധിക്കപ്പെട്ടിരിക്കുന്നു.

ആഗോളവൽക്കരണാദികളുടെ ദുരന്തഫലങ്ങൾ ഏററുവാങ്ങിയ പ്രദേശങ്ങളാണ് കടൽത്തീരങ്ങൾ. മത്സ്യബന്ധന മേഖലകളിൽ പുതിയ കാലം വിതച്ച ഇല്ലായ്മകളിൽ നിന്ന് കരകയറാൻ യുവാക്കൾക്ക് ഒരു കുത്സിതമായ രക്ഷപ്പെടൽ മാർഗമാകുന്നു ഒരു വർഗീയ ഭടന്റെ വേഷം. അതിന് ധാരാളം പേരെ കിട്ടുന്നു. വർഗീയവിഷം യഥേഷ്ടം കുത്തിവയ്ക്കപ്പെടുന്ന സിരകളാവുന്നു അവരുടേത്.

വർഗീയ വിഷബാധയേററവരുടെ വോട്ടുനേടി ഭരണത്തിൽ വന്നവർക്ക് മാറാട് പൊലിഞ്ഞ ജീവിതങ്ങൾ കേവലം സ്ഥിതിവിവരക്കണക്കും അന്വേഷണപ്രഹസനങ്ങൾക്കുള്ള കാരണങ്ങളും മാത്രം! മാറാട് പിടഞ്ഞുമരിച്ചവർ ഇന്ദ്രപ്രസ്ഥത്തിലെ യജമാനന്മാർക്ക് തെരഞ്ഞെടുപ്പ് ഗോദായിൽ നീക്കാനുള്ള കാലാൾകരുക്കൾ മാത്രം. ആരാധനാലയത്തിൽ സൂക്ഷിക്കപ്പെടുന്ന മാരകായുധങ്ങൾക്ക് മറയിടാൻ സ്ത്രീനിയമങ്ങളുടെ ഈ കാലത്ത് സ്ത്രീകളെത്തന്നെ ബുദ്ധിമാന്മാർ നിയോഗിക്കുന്നു. ഭീകരവാദത്തെ തള്ളിപ്പറഞ്ഞ മതരാഷ്ട്രീയ കക്ഷികൾ പാകിസ്ഥാനിലും കാശ്മീരിലും എന്നപോലെ മാറാടും രഹസ്യബാന്ധവം സ്ഥാപിച്ച് സ്വന്തം നിലനില്പ് ഉറപ്പാക്കുന്നു.

ഒരു രാഷ്ട്രീയ കരുനീക്കം വിലപ്പെട്ട ജീവനുകളെ അപഹരിച്ചാൽ അതുമൂലം നേട്ടമുണ്ടാക്കുന്നവർക്ക് നിസ്സാരമായ നേട്ടവും അത്രകണ്ട് നിസ്സംഗമായ കമന്റുകളും സൃഷ്ടിക്കുന്ന സംഗതിയേ ആകുന്നുള്ളു. എന്നാൽ മരിച്ചവരുടെ വീടുകളിൽ പറക്കമുററാത്ത കുഞ്ഞുങ്ങൾക്കും നിരാലംബരായ മററ് ആശ്രിതർക്കും എത്ര അഗാധമായ നഷ്ടവും ആഘാതവുമാണ് എന്ന് ചിന്തിക്കാൻ ആളില്ലാതെ വന്നിരിക്കുന്നു.

മാദ്ധ്യമങ്ങൾക്ക് ഏതായാലും കൊയ്ത്തുകാലം. ഇറാഖ്യുദ്ധവും, കരുണാകരകലാപവും, ഭൂകമ്പങ്ങളും, ജിമ്മും, വികസനയാത്രയും, മാറാടും എല്ലാം ഒരേ അച്ചിൽ നിരത്തി അവർ കൃതാർത്ഥരാവുന്നു. കാലം പൂർണ്ണമായി പിറകോട്ടടിക്കപ്പെടുന്നതും കാത്ത് അവർ ഇരിക്കുന്നു.



# Business Process Outsourcing (BPO)

*Dr.P.S.Mohana Kumar*
Sree Sankara College, Kalady

Outsourcing is a concept which has been in use since the trun of the 20th century with many MNCs using cheap labour markets as the hub of manufacturing. Traditionally outsourcing has been limited to supplying some specific goods. The company going for outsourcing transfer the process to outsiders, and monitor the performance to ensure quality. Many MNCs outsource non-core processes and concentrates only in core processes.

India is one of the most preferred destinations for outsourcing business processes. Nike, the largest supplier of athletic shoes in the world outsources 100% of its shoes production. It concentrates on research, marketing and distribution while manufacturing only the key technical components of Nike Air system. Nike outsource non-core processes to offshore centres. It brings in enormous cost saving to Nike. IT enabled services are also going to outsource many of its processes. Many US computer companies outsource its processes and goes to cheapest destinations like India. India is preferred because of large pool of English speaking youth, and favourable government attitude. Indians in US will loose jobs there, engaged in software, but this will create employment opportunities in India.

In India Fortune 500 companies are, looking for service providers who will serve as one stop-shops for their requirements. BPO industries in India is spreading across various sectors involving both low-end and high-end activity. The major activities involve call centres, medical transcriptions, claim processing etc. BPO is a sunrise sector in India.

## Patent in U.S.

In United States over 3000 examiners process more than 3,00,000 applications for patents a year. The average wait-time to obtain a patent is just over two years. The details of patents granted by different countries in the year 2001 are given below.

| country | percentage of patents granted |
|---|---|
| USA | 53% |
| Japan | 20% |
| Germany | 7% |
| Taiwan | 3% |
| All other countries in the world | 17% |

(Source: U.S.Patent and Trademark Office)

## Securitization Act

The passing of Securitization Act empower the banks with ultimate weapon to deal with NPAs. The Act gives the banks with power to recover bad loans and to take possession of secured assets of the defaulting borrowers and sell or lease out their business. The most important provision of the Act is that banks could takeover immovable property of the borrower without the intervention of the court and supersede the board with just a notice. This is a way to shorten the process of recovery, which would otherwise gets delayed in the legal wrangles. Recovering the NPAs is not a one-time phenomenon but a continuous process and this Act is a journey in that process. It is the first serious step taken by the government towards recovery of NPAs.

## Value Added Tax

VAT is essentially a form of sales tax. It is a multi-point and multi-stage tax, levied on the value addition to a product, at each stage of production and distribution chain. There will be deductions for taxes paid earlier in the chain. At present, sales tax is levied at a single point, either at the hands of producer, distributor or wholesaler. The sum of value added at different stages of production is equal to the total value embodied in a commodity, the VAT amounts to a tax on just the total value of that commodity.

$$VAT = t\,(O - I)$$

't' is the tax rate

'O' is the value of output

'I' is the value of input.

VAT is the difference between the tax payable on output and the tax paid on inputs.

An example of VAT computation is given below. (Source: chartered Secretary, Volume XXXIII, May 2003)

Suppose a prime producer, supplies textile and the final consumer buys a readymade garment. In this process, the textile passes through various process, requiring payment of VAT at the rate of say 20 percent. In this supply chain the payment of VAT would be as under:

| | Purchase Price (Rs) | Selling Price (Rs) | VAT (Rs) |
|---|---|---|---|
| Producer | - | 10+02 | 02 |
| Manufacturer | 10+02 | 20+04 | 02 |
| Wholesaler | 20+04 | 30+06 | 02 |
| Distributor | 30+06 | 40+08 | 02 |
| Retailer | 40+08 | 50+10 | 02 |
| Customer | 50+10 | — | — |

## Ten Top Dividend Paying Public Sector Banks

The following are the ten top dividend paying public sector banks during 2001-2002.

1. State Bank of India
2. Bank of India
3. Bank of Baroda
4. Canara Bank
5. Oriental Bank
6. Punjab National Bank
7. Andhra Bank
8. Syndicate Bank
9. Indian Overseas Bank
10. Corporation Bank

The top five banks in India based on 9 important parameters are the following.

1. State Bank of India
2. ICICI Bank
3. Bank of Baroda
4. Canara Bank
5. Punjab National Bank

ശാസ്ത്രജാലകം

